**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ- 61.**

**21.6.2007-ൽ മറുപടിക്ക്**

## മോട്ടോർ വാഹന വകുപ്പിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി പുതിയ ലൈസൻസ്/പുതുക്കിയ ലൈസൻസ് എന്നിവ രജിസ്ട്രേഡ് പോസ്റ്റായി അപേക്ഷകർക്ക് അയച്ചുകൊടുക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസ്റ്റ് ടാക്സി പെർമിറ്റുകൾ/നാഷണൽ പെർമിറ്റുകൾ എന്നിവ സംബന്ധിച്ചുള്ള എല്ലാ നടപടിക്രമങ്ങളും അപാൽമാർഗ്ഗം സ്വീകരിക്കുന്നതിനും, രജിസ്ട്രേഡ് പോസ്റ്റായി മടക്കി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായി തെളിഞ്ഞാൽ അവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ച് കർശന ശിക്ഷ നൽകുന്നുണ്ട്. |
| ബി) | പ്രസ്തുത വകുപ്പിലെ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഇടനിലക്കാരെ ആഫീസുകളിൽ നിന്നും അകറ്റിനിർത്തുന്നത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും, ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ സേവനങ്ങൾക്കുപുറമെ മറ്റ് സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | കൂടി ഇതേ രീതിയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| സി) | മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ; | സി) | വകുപ്പിലെ 61 ആഫീസുകൾ കമ്പ്യൂട്ടർ വത്ക്കരിച്ച് കഴിഞ്ഞു. വണ്ടിപെരിയാർ, നെടുമങ്ങാട്, ഗുരുവായൂർ, ആലത്തൂർ എന്നി സബ് ആഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| ഡി) | അഴിമതി തടയുന്നതിനായി ആഫീസുകൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | ഇത് സംബന്ധിച്ച തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62

21.6.2007-ൽ മറുപടിക്ക്

## കുട്ടികൾക്കുള്ള പ്രതിരോധ മരുന്നുകൾ

**ചോദ്യം**

ശ്രീ. യു.സി. രാമൻ

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. പി.കെ. അബ്ദുറബ്ബ്

**ഉത്തരം**

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| എ) കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് പൾസ് പോളിയോ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ ഗുണകരമല്ലെന്ന ഡോക്ടർമാരുടെ പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | |
| സി) ഇല്ലെങ്കിൽ ഇത്തരം പ്രതിരോധ മരുന്നുകൾ സംബന്ധിച്ചുള്ള ജനങ്ങളുടെ സംശയങ്ങളകറ്റുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | സി) രോഗപ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചുള്ള സാധാരണക്കാരുടെ സംശയങ്ങൾ മാറ്റുന്നതിന് ജില്ലാ തലത്തിലും, പഞ്ചായത്ത് തലത്തിലും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച ലേഖനങ്ങളും, പ്രസ്താവനകളും മറ്റും നൽകി പ്രചാരണവും, സംശയദൂരീകരണവും നടത്തിവരുന്നു. കുടുംബശ്രീ, നാട്ടുകൂട്ടം തുടങ്ങിയവയിലൂടെ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി ബോധവൽക്കരണവും നടത്തിവരുന്നു പ്രതിരോധ മരുന്നുകളുടെ സാമ്പിളുകൾ ഹിമാചൽപ്രദേശിലുള്ള കസോളി നാഷണൽ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തുകയും, വിതരണ സംഭരണ പ്രക്രിയയിലുടനീളം ശീതശൃംഖലാ സംവിധാനം (Cold Chain System) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 63.

21.6.2007-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസ്സുകളിലെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.എം.എം.മോനായി | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കെ.എസ്.ആർ.ടി.സി ബസ്സുകളിലെ ഇന്ധനക്ഷമത ദേശീയ ശരാശരിയെക്കാൾ വളരെ പിന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) ഉണ്ട്. ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിൽ വാഹനത്തിന്റെ ശരിയായ പരിപാലനത്തിനോടൊപ്പം ഡ്രൈവിംഗ് സ്വഭാവവും ഒരു പ്രധാന ഘടകമാണ്. മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്നതിന് വേണ്ടി ഡ്രൈവർമാർക്ക് കേന്ദ്ര ഏജൻസിയായ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി (PCRA) ചേർന്ന് പരിശീലനം നൽകിവരുന്നുണ്ട്.<br>ഇതിനു പുറമേ അപകടരഹിതമായ ഡ്രൈവിംഗും ഉയർന്ന ഇന്ധന ക്ഷമത കൈവരിക്കുന്നതിനുമായി മുഴുവൻ ഡ്രൈവർമാരേയും ഉൾപ്പെടുത്തി സമഗ്രമായ ഒരു പരിശീലന പരിപാടി 20.2.2007 മുതൽ ആരംഭിച്ചുകഴിഞ്ഞു. 30.5.2007 വരെ 5,421 ഡ്രൈവർമാർക്ക് സംസ്ഥാനത്ത് 14 കേന്ദ്ര |

ങ്ങളിലായി പരിശീലനം നൽകിക്കഴിഞ്ഞു. ബാക്കി ഡ്രൈവർമാർക്കുള്ള പരിശീലനം തുടർന്നുവരുന്നു.

ഇതോടൊപ്പം തന്നെ ഡ്രൈവർമാർക്ക് പ്രോത്സാഹനം നൽകുന്നതിനും അതുവഴി ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിലേക്കുമായി ഓരോ മാസവും ഒരു ലിറ്റർ ഡീസലിൽ 5 ഉം അതിലധികവും കി.മീറ്റർ ദൂരം സഞ്ചരിക്കുന്നതും അത് സ്ഥിരമായി നിലനിർത്തുന്നതുമായ ഡ്രൈവർമാർക്ക് മാസം 300 രൂപ ഇൻസെന്റീവ് 2007 മാർച്ച് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മാർച്ച് മാസം 15-ഉം, ഏപ്രിൽ മാസം 25-ഉം ഡ്രൈവർമാർ ഇതിന് അർഹരായിട്ടുണ്ട്.

സി) ബസ്സുകളുടെ ഇന്ധനക്ഷമത കുറയുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

സി) ഉണ്ട്. ഇന്ധനക്ഷമത കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ റോഡുകളുടെ അവസ്ഥ, അടുത്തടുത്തുള്ള ബസ് സ്റ്റോപ്പുകൾ, വാഹന ബാഹുല്യംകൊണ്ടുള്ള ഗതാഗതക്കുരുക്ക്, വാഹനങ്ങളുടെ പഴക്കം, ചില ഡ്രൈവർമാരുടെ ഡ്രൈവിംഗ് സ്വഭാവം എന്നിവയാണ്.

ഡി) വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിക്കുന്നതിനും അത് പരിഹരിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട്;

ഡി) ഓരോ ഡിപ്പോയിലും ബന്ധപ്പെട്ട അധികാരികൾ ഡിപ്പോ ഡയറികൾ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ഓരോ മാസത്തേയും കെ.എം.പി.എൽ. രേഖപ്പെടുത്തുന്നുണ്ട്. ഇത് മുൻ മാസത്തിലെ കെ.എം.പി.എല്ലുമായി താരതമ്യം ചെയ്യുന്നതിനും കുറവ് വന്നിട്ടുണ്ടെങ്കിൽ അത് നോക്കി പരിഹരിക്കുന്നതിനും സഹായകരമാണ്.

ഓരോ ബസ്സിനും പ്രതിദിനം ഓടുന്ന കിലോമീറ്ററും അതിനുപയോഗിച്ച ഡീസലും

കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അത് കൃത്യമായി നിരീക്ഷിച്ച് ഡീസൽ ചെലവിലുണ്ടാകുന്ന വ്യതിയാനം പരിശോധിച്ച്, വാഹനത്തിന്റെ തകരാറ് മൂലമാണെങ്കിൽ അത് ഉടൻ തന്നെ പരിഹരിക്കുന്നതും, ഡ്രൈവിംഗ് സ്വഭാവംമൂലമാണ് ആ നഷ്ടം ഉണ്ടാകുന്നത് എങ്കിൽ ബന്ധപ്പെട്ട ഡ്രൈവർമാരെ കൗൺസിലിംഗിന് വിധേയമാക്കുകയും ആവശ്യമെങ്കിൽ ട്രെയിനിംഗിന് നിയോഗിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം നിലവിലലുണ്ട്.

ഒ.രേ · റൂട്ടിൽ പോകുന്ന ഡ്രൈവർമാരുടെ ഡീസലിന്റെ ഉപയോഗത്തിലുള്ള വ്യത്യാസം നിരീക്ഷിച്ച് ആവശ്യമെങ്കിൽ ട്രെയിനിംഗിന് നിയോഗിക്കുന്ന സംവിധാനം നിലവിലുണ്ട്.

വേഗത നിയന്ത്രിക്കുന്നതിനും അതു മൂലം ഇന്ധനചെലവ് കുറയ്ക്കുന്നതിനുമായി ഫ്യൂവൽ ഇഞ്ചക്ഷൻ പമ്പ് ക്യാലിബ്രേഷൻ നടത്തി 1050 ആർ.പി.എമ്മിൽ പമ്പിന്റെ സ്പീഡ് ലിമിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ നിലവിലുണ്ട്.

ഫ്യൂവൽ മെയിൻറനൻസ് ചെയ്യുന്നതിന് മാത്രമായി എല്ലാ ഡിപ്പോകളിലും പ്രത്യേകം മെക്കാനിക്കൽ ബാച്ചുകളെ നിയോഗിച്ചിട്ടുള്ളതും കെ.എം.പി.എൽ. കുറവുള്ള വാഹനങ്ങൾ സമയാസമയം നന്നാക്കുന്ന സംവിധാനം നിലവിലുണ്ട്.

വാഹനം സർവ്വീസ് തുടങ്ങുന്നതിന് മുമ്പായി പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ട്.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മുൻപ് 7 ദിവസത്തിലൊരിക്കൽ പരിശോധിച്ചിരുന്ന ടയർ പ്രഷർ

ഇപ്പോൾ 4 ദിവസത്തിലൊരിക്കൽ പരിശോധിച്ച് നിറക്കുന്ന സംവിധാനം നിലവിലുണ്ട്.

ഡീസൽ പമ്പ് ഡെലിവറിയുടെ കൃത്യത ദിവസവും പരിശോധിക്കുന്നതിനും വ്യത്യാസം ശരിപ്പെടുത്തുന്നതിനുമുള്ള നടപടികൾ നിലവിലുണ്ട്.

വാഹനങ്ങളുടെ സ്റ്റേ സമയത്തുള്ള ഡീസൽ മോഷണം തടയുന്നതിനായി സ്ക്വാഡ് യൂണിറ്റുകൾക്ക് സ്റ്റേ സമയത്ത് പരിശോധനയുള്ള നിർദ്ദേശവും നിലവിലുണ്ട്.

ഡ്രൈവിംഗ് സ്വഭാവം നിരീക്ഷിക്കുന്നതിനായി പ്രത്യേകം നിരീക്ഷകരെ നിയോഗിച്ചിട്ടുണ്ട്. ഈ നിരീക്ഷകർ ഡ്രൈവിംഗിലെ അപാകതകൾ ചൂണ്ടിക്കാട്ടുകയും അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും കൂടാതെ ആവശ്യമെങ്കിൽ ഡ്രൈവറെ ട്രെയിനിംഗിന് നിർദ്ദേശിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

ഇന്ധനക്ഷമതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിലേക്കുമായി ഒരു വർക്ക്സ് മാനേജരുടെ കീഴിൽ ഫ്യൂവൽ സെൽ പ്രവർത്തിക്കുന്നുണ്ട്.

ഇ) കാലപ്പഴക്കംചെന്ന വാഹനങ്ങൾ സർവ്വീസ് നടത്താതിരിക്കാനും കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാനും നടപടി സ്വീകരിക്കുമോ?

ഇ) പുതുതായി ബസ്സുകൾ നിരത്തിലിറക്കുമ്പോൾ കാലപ്പഴക്കംചെന്ന ബസ്സുകൾ ക്രമേണ ഒഴിവാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.64 | 21.6.2007-ൽ മറുപടിയ്ക്ക് |
|---|---|

## മാലിന്യ വിമുക്ത കേരളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) കേരളത്തെ മാലിന്യ വിമുക്തമാക്കണമെന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) തദ്ദേശ സ്വയംഭരണവകുപ്പ് നടപ്പിലാക്കിവരുന്ന മാലിന്യ വിമുക്ത കേരള പരിപാടിയുമായി ആരോഗ്യ വകുപ്പ് സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, സൂപ്പർവൈസർമാർ, ഡോക്ടർമാർ തുടങ്ങിയ ആരോഗ്യ വകുപ്പ് ജീവനക്കാർ ഈ പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൊതുകുജന്യ രോഗങ്ങളും ജലജന്യ രോഗങ്ങളും തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരോഗ്യ വകുപ്പ് നടത്തുന്നുണ്ട്. കു ടിവെള്ള ശുചീകരണത്തിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ, കൊതുകു നിവാരണത്തിനാവശ്യമായ കീടനാശിനികൾ മുതലായവ ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നുണ്ട്. |
| ബി) ഈ പദ്ധതിയ്ക്കായി വാർഡുതലങ്ങളിൽ ആരോഗ്യ സംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര വാർഡുതല സേനകൾ രൂപീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഈ സേനയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) ഇതിനകം 10147 വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനലക്ഷ്യങ്ങൾ താഴെകൊടുക്കുന്നു.<br>1. വാർഡുതല ആരോഗ്യ പദ്ധതിയുടെ മേൽനോട്ടം-തയ്യാറാക്കൽ,നടപ്പിലാക്കൽ<br>2. വാർഡിലെ കുടുംബതല സർവ്വെയുടെ ഉത്തരവാദിത്വം.<br>3. വ്യക്തി ശുചിത്വം, പകർച്ചവ്യാധികൾ തുടങ്ങിയവ സംബന്ധിച്ച ബോധവൽക്കരണം<br>4. ആരോഗ്യ രജിസ്റ്റർ ഉപയോഗത്തിൽ വരുത്തൽ<br>5. വാർഡുതല ആരോഗ്യ സൂചകങ്ങൾ തയ്യാറാക്കൽ<br>6. ആശ/ലിങ്ക് വർക്കറുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ<br>7. വാർഡുതല ആരോഗ്യ പദ്ധതി തയ്യാറാക്കുന്നതിന് യോഗം വിളിച്ചുചേർക്കൽ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.65 — 21.06.2007 -ൽ മറുപടിക്ക്

## ആരോഗ്യസുരക്ഷാ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ :<br>ശ്രീ. എ.പി.അനിൽകുമാർ : | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) മുൻ സർക്കാർ രൂപം നൽകിയ 'ആരോഗ്യസുരക്ഷാ ഇൻഷുറൻസ് പദ്ധതി ഈ സർക്കാർ നിർത്തലാക്കിയോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും സർക്കാർ പിൻവാങ്ങാനുണ്ടായ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ; | (എ) ഐ.സി.ഐ.സി.ഐ ലൊംബാർഡ് ജനറൽ ഇൻഷുറൻസ് കമ്പനി എന്ന സ്വകാര്യ ഇൻഷുറൻസ് കമ്പനിയെയാണ് ആരോഗ്യസുരക്ഷാ ഇൻഷുറൻസ് പദ്ധതിയുടെ നിർവ്വഹണത്തിനായി മുൻ സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്.സ്വകാര്യ ഇൻഷുറൻസ് കമ്പനി വഴി നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഇൻഷുറൻസ് പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും സബ്സിഡി ലഭിക്കില്ല എന്നും യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് സ്കീം വഴി തയ്യാറാക്കുന്ന ഇൻഷുറൻസ് സ്കീമുകൾ പൊതുമേഖലാ ഇൻഷുറൻസ് കമ്പനി മുഖാന്തിരമാണ് നടത്തേണ്ടതെന്നും കേന്ദ്രസർക്കാർ നിഷ്കർഷിച്ച സാഹചര്യത്തിൽ പ്രസ്തുത കമ്പനി സർക്കാരുമായി കരാർ വച്ച് പദ്ധതി നടപ്പാക്കാൻ തയ്യാറായില്ല. |

65-2

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്കായി പ്രീമിയം തുക അടച്ചവർക്ക് ആ തുക തിരിച്ചു നൽകിയിട്ടുണ്ടോ; | (ബി) & (സി) | ഗുണഭോക്താക്കളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിഹിതമായി നൽകിയ തുക മടക്കി നൽകണമെന്ന് ഇൻഷുറൻസ് കമ്പനിയോട് ആവശ്യപ്പെടുകയുണ്ടായി. ഇൻഷ്വറൻസ് കമ്പനി 6,37,09,977/- രൂപ (ആറു കോടി മുപ്പത്തിയേഴു ലക്ഷത്തി ഒൻപതിനായിരത്തിതൊള്ളായിരത്തി എഴുപത്തി ഏഴ് രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ ബാങ്കേഴ്സ് ചെക്കായി 05.02.2007 ന് ലഭ്യമാക്കുകയുണ്ടായി. ഇതിനു പുറമെ 39,456/- രൂപയുടെഡിമാന്റ് ഡ്രാഫ്റ്റുകൾ ഗുണഭോക്താക്കളുടെ പേരുവിവരം വ്യക്തമല്ലാത്തതിനാൽഇൻഷ്വറൻസ് കമ്പനി തുടക്കത്തിൽതന്നെ മടക്കി നൽകിയിരുന്നു. തിരിച്ച് കിട്ടിയ തുകകൾ, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി പ്രത്യേകം തുടങ്ങുന്ന അക്കൗണ്ടുകളിൽ സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സമഗ്രമായ ഒരു ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ ആലോചനയിലുണ്ട്. അതു പ്രാവർത്തികമാകുമ്പോൾ ഈ തുക അതിനുവേണ്ടി വിനിയോഗിക്കാമെന്നാണുദ്ദേശിക്കുന്നത്. |
| (സി) | ഇല്ലെങ്കിൽ ഈ തുക എത്രയും വേഗം മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പാവപ്പെട്ട ജനവിഭാഗത്തിന് ആരോഗ്യസുരക്ഷ ഉറപ്പുവരുത്താനും ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുമായി എന്തു ബദൽ പദ്ധതിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | സമഗ്രമായ മറ്റൊരു ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ ആലോചനയിലാണ്. |
| (ഇ) | ഇത്തരത്തിലുള്ള പുതിയ പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (ഇ) & (എഫ്) | പദ്ധതി രൂപീകരണം പൂർത്തിയായിട്ടില്ല. |
| (എഫ്) | ഇപ്രകാരം പുതിയതായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 66 — 21.6.2007 -ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. രാജു :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ.[illegible]: | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br>(ബി) ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ & ബി)<br>ഉണ്ട്. ശുപാർശകളും നിർദ്ദേശങ്ങളും അനുബന്ധമായി വെച്ചിട്ടുണ്ട്. |
| (സി) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു? | (സി) സമിതിയുടെ ചെയർമാൻ:<br>ഡോ. ധ്രുബജ്യോതിഘോഷ്, സീനിയർ ഫെലോ (സസ്റ്റെയിനബിൾ ഡവലപ്മെന്റ്), സെന്റർ ഫോർ സ്റ്റഡീസ് ഇൻ സോഷ്യൽ സയൻസസ്, കൊൽക്കത്ത.<br><br>അംഗങ്ങൾ: (i) ഡോ. എച്ച്. എസ്. എ യാഹ്യ, പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സ്റ്റഡീസ് & ഓർണിത്തോളജി, അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി.<br>(ii) ശ്രീ.സരോജ്കുമാർ പട്നായിക്, ഐ.എഫ്.എസ്. (റിട്ട), മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഒറീസ്സ. |

സെക്ഷൻ ഓഫീസർ.

## 5. Recommendations

1. Independent studies indicate that there are chances of dam breaking in case the water level of the dam is raised beyond 136 ft. The ecological impact of such an eventuality will be catastrophic. Easiest way to avoid that will be to restrict the water level in the reservoir within the present limit.

2. The Committee is concerned to observe that any increase in water level will submerge a greater part of the critical grasslands of the Periyar ecosystem, and this could severely impair the food chain of the endangered tiger whose prey base is the deers depending on the grassland. Such a likelihood in a Reserve dedicated to tiger and protected by the Wildlife Protection Act 1972, including its latest amendment should be completely avoided. Additionally, loss of grasslands will also drastically affect the viewing of the animals. While the animals may recreate a foreshore for their convenience in due course, it is likely to take several years. In the meantime there will be a likelihood of considerable fall in tourist interest, which in turn may significantly reduce the earning of the local people as also the revenue flowing towards protected area management and nature education.

   It will be imperative to carry out a detailed EIA (Environmental Impact Assessment), as a statutory requirement to fully understand the ecological impact of raising the water level. The study will have to be on the basis of a scientific design of research. Substantial information on the ecological impact of raising the water level of the dam on the surrounding ecosystem including human habitation, is available from the Kerela Forest Research Institute (KFRI).

3. Signs of distress and fear are visible amongst the tribespeople living around the settlement areas comprising six villages. This state of distress in the minds of the settlers particularly the children, should be separately studied.

4. Until the completion of the EIA studies, including a comprehensive study of the ecological impact of raising the water level of the reservoir along with a social cost benefit study of the additional expenses that will have to be incurred by way of strengthening of dam and laying of new distributary system for the additional water, all the engineering efforts to raise the water level should be put on hold. This is also because any large scale prolonged movement of men material and machinery through a patch of land which is endowed with a rich biodiversity is not desirable within a protected area.

5. According to Section 9 of the Wildlife (Protection) Act, 1972 *'No person shall destroy, exploit or remove any wild life including forest produce from a sanctuary or destroy or damage or divert the habitat of any wild animal by any act whatsoever or divert, stop or enhance the flow of water into or outside the sanctuary, except under and in accordance with a permit granted by the Chief Wild Life Warden, and no such permit shall be granted unless the State Government being satisfied in consultation with the Board that such removal of wild life from the sanctuary or the change in the flow of water into or outside the sanctuary is necessary for the improvement and better management of wild life therein, authorizes the issue of such permit.'*

   The expert team strongly recommends adherence to the provision of this Act in its entirety.

6. A decision regarding the strengthening of the dam or any new construction that may be suggested will require the involvement of the Forest Department so that measures could be taken to minimize the damage inflicted on the protected eco-system. This is obligatory because the dam lies within a wildlife sanctuary which is now a part of a tiger reserve and also an elephant reserve.

7. Since 1979, at least six conglomerations of human settlements, predominantly tribal, have come up. Public institutions and commercial establishments have also grown. Raising of water level would mean displacement of a large number of families along with their economic activities. Therefore, the question of allowing additional water to Tamil Nadu will also have to be weighed against the lives and livelihood of these tribal people, since they will be forced to go back into the forest and start exploiting the ecosystem. This will also destroy the benefits accruing from the eco- development projects of the Forest Department over the years.

8. At present the matters relating to raising of water level are only handled by the Water Resources Department. It will be advisable to set up a co-ordinating committee headed by the Chief Minister of the State with all the stake-holder departments within its fold. This will allow convergence and best use of all the related views and expertise to ensure the ecological security of the natural resource system in question as well as the protection of life and livelihood of the people which is likely to be threatened in case of any deviation from the present state of protected area management.

Dr Dhrubajyoti Ghosh
Dr H.S.A Yahya
Shri S. K. Patnaik

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 67 — 21.06.2007-ൽ മറുപടിക്ക്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ: തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.ജോർജ് മേഴ്സിയർ :<br>ശ്രീ.അടൂർ പ്രകാശ് : | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്; | (എ) | വയനാട്, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഇപ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി വരുന്നത്. |
| (ബി) | പുതുതായി ഏതൊക്കെ ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | പുതുതായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കേണ്ട ജില്ലകളെ പറ്റി കേന്ദ്ര സർക്കാരിൽ നിന്നും വിവരമൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഈ പദ്ധതിയനുസരിച്ച് ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്; | (സി) | പാലക്കാട് ജില്ലയിൽ 1,43,700 കുടുംബങ്ങൾക്കും, വയനാട് ജില്ലയിൽ 82,782 കുടുംബങ്ങൾക്കും തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 96,935 പേർക്കും വയനാട് ജില്ലയിൽ 55,670 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. |
| (ഡി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ നാളിതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ട്; | (ഡി) | പാലക്കാട് ജില്ലയ്ക്ക് 30.39 കോടി രൂപയും, വയനാട് ജില്ലയ്ക്ക് 22 കോടി രൂപയും, ഇടുക്കി ജില്ലയിൽ 8.8 കോടി രൂപയും, കാസർഗോഡ് ജില്ലയിൽ 2.44 കോടി രൂപയുമാണ് നാളിതു |

— — — —

| | | | |
|---|---|---|---|
| | | | വരെ അനുവദിച്ചിട്ടുള്ളത്. |
| (ഇ) | ഇതിൽ നിന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ട്; | (ഇ) | പാലക്കാട് ജില്ലയിൽ 26.05 കോടി രൂപയും, വയനാട് ജില്ലയിൽ 14.15 കോടി രൂപയും, ഇടുക്കി ജില്ലയിൽ 1.64 ലക്ഷം രൂപയും, കാസർഗോഡ് ജില്ലയിൽ 2.858 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് |
| (എഫ്) | ഈ പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ഈ പദ്ധതിയിൻകീഴിൽ യഥാർത്ഥ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും അവർക്ക് അർഹമായ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള നടപടിക്രമങ്ങളിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണുദ്ദേശിക്കുന്നത് | (ജി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. പ്രസ്തുത നിയമത്തിൽ മാറ്റങ്ങൾ വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 68

21.06.2007-ൽ മറുപടിയ്ക്ക്.

## സമ്പൂർണ്ണ ഗ്രാമീണ തൊഴിൽദാന പദ്ധതി

ചോദ്യം

ശ്രീ: വി.ചെന്താമരാക്ഷൻ :
ശ്രീ.കെ.ടി.ജലീൽ :
ശ്രീ.കെ.കെ.ജയചന്ദ്രൻ:
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ.കെ.സി.കുഞ്ഞിരാമൻ :

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) സമ്പൂർണ്ണ ഗ്രാമീണ തൊഴിൽ ദാന പദ്ധതി (എസ്.ജി.ആർ.വൈ) നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് എന്തു തുക അനുവദിച്ചിട്ടുണ്ട് ;

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 2001 മുതൽ നടപ്പിലാക്കി വന്നിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന് ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം(എ), (ബി), (സി) ആയി ചേർത്തിരിക്കുന്നു.

(ബി) ഏതെല്ലാം ജില്ലകൾക്കാണ് തുക അനുവദിച്ചത് : വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) 2005-06 വരെ എല്ലാ ജില്ലകൾക്കും ഫണ്ട് ലഭിച്ചിരുന്നു. 2.2.2006 മുതൽ പാലക്കാട്, വയനാട് ജില്ലകളിലും, 1.4.2007 മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നതുകൊണ്ട് ഇപ്പോൾ 10 ജില്ലകളിലാണ് എസ്.ജി.ആർ.വൈ. നടപ്പിലാക്കുന്നത്. എസ്.ജി.ആർ.വൈ. നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം (എ), (ബി), (സി) ആയി ചേർത്തിരിക്കുന്നു.

(സി) എത്ര ജില്ലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത് ;

(സി) 14 ജില്ലകളേയും സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, 2.2.2006 മുതൽ പാലക്കാട്, വയനാട് ജില്ലകളിലും 1.4.2007 മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലും നടപ്പാക്കി വരുന്നതിനാൽ ഇപ്പോൾ 10 ജില്ലകളിൽ മാത്രമാണ് എസ്.ജി.ആർ.വൈ പദ്ധതി നിലവിലുള്ളത്.

(ഡി) സമ്പൂർണ്ണ തൊഴിൽദാന പദ്ധതിയിൽ ഏതെല്ലാം പണികളാണ് ഉൾപ്പെടുന്നത് ;

(ഡി) എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

1. മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ;
2. മഴ വെള്ള സംഭരണ സംവിധാനങ്ങൾ;
3. സാമൂഹ്യ വനവൽക്കരണം;
4. ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ;
5. പട്ടിക വർഗ്ഗക്കാരുടെ കൃഷിഭൂമി അഭിവൃദ്ധിപ്പെടുത്തൽ;
6. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, നിലനിർത്തൽ, സംരക്ഷണം;
7. ലിങ്ക് റോഡുകളുടെ നിർമ്മാണം.
8. പ്രൈമറി സ്കൂൾ കെട്ടിടങ്ങൾ, അംഗൻവാടികൾ, എന്നിവയുടെ നിർമ്മാണം തുടങ്ങിയവ എസ്.ജി.ആർ.വൈയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

(ഇ) പുതുതായി ഏതെങ്കിലും പണികൾ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വാതന്ത്ര്യമുണ്ടോ ;

(ഇ) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ ഏത് തരം പ്രവൃത്തികളും ത്രിതല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

| | | |
|---|---|---|
| | | എന്നാൽ ഈ പദ്ധതി പ്രകാരം വിലക്കിയിട്ടുള്ള പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് സ്വാതന്ത്ര്യമില്ല. |
| (എഫ്) | കഴിഞ്ഞ വർഷം ഈ പദ്ധതിക്കായി എന്തു തുക ഏതെല്ലാം ജില്ലകൾക്ക് അനുവദിച്ചു എന്നു വ്യക്തമാക്കുമോ ? | (എഫ്) കഴിഞ്ഞ വർഷം എസ്.ജി.ആർ.വൈ. നടപ്പിലാക്കുന്നതിന് ലഭ്യമായ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (ബി). (സി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

(1)

# SGRY RELEASE DURING 2001-02

(Rupees in lakhs)

| Districts | First Installment | | | Second Installment | | |
|---|---|---|---|---|---|---|
| | Central | State | Total | Central | State | Total |
| Alappuzha | 93.41 | 31.14 | 124.55 | 93.41 | 31.14 | 124.55 |
| Ernakulam | 104.55 | 34.85 | 139.4 | 104.54 | 34.85 | 139.39 |
| Idukki | 142.48 | 47.49 | 189.97 | 142.48 | 47.49 | 189.97 |
| Kannur | 88.86 | 29.62 | 118.48 | 88.85 | 29.61 | 118.46 |
| Kasaragod | 101 | 33.67 | 134.67 | 101 | 33.67 | 134.67 |
| Kollam | 129.5 | 43.17 | 172.67 | 129.49 | 43.16 | 172.65 |
| Kottayam | 86.84 | 28.94 | 115.78 | 86.83 | 28.94 | 115.77 |
| Kozhikode | 137.41 | 45.8 | 183.21 | 137.43 | 45.81 | 183.24 |
| Malappuram | 159.34 | 53.11 | 212.45 | 159.34 | 53.11 | 212.45 |
| Palakkad | 180.76 | 60.25 | 241.01 | 180.75 | 60.25 | 241 |
| Pathanamthitta | 73.34 | 24.44 | 97.78 | 73.35 | 24.45 | 97.8 |
| Thrissur | 167.1 | 55.7 | 222.8 | 167.09 | 55.69 | 222.78 |
| Trivandrum | 143.33 | 47.78 | 191.11 | 143.32 | 47.78 | 191.1 |
| Wayanad | 78.23 | 26.08 | 104.31 | 78.24 | 26.08 | 104.32 |
| Total | 1686.15 | 562.04 | 2248.19 | 1686.12 | 562.03 | 2248.15 |

Section Officer

2

# SGRY RELEASE

| District | 2002-2003 SGRY I Central Release | 2002-2003 SGRY I State Release | 2002-2003 SGRY I Total | 2002-2003 SGRY II Central Release | 2002-2003 SGRY II State Release | 2002-2003 SGRY II Total | 2003-2004 SGRY I Central Release | 2003-2004 SGRY I State Release | 2003-2004 SGRY I Total | 2003-2004 SGRY II Central Release | 2003-2004 SGRY II State Release | 2003-2004 SGRY II Total |
|---|---|---|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 348.19 | 90.73 | 438.92 | 202.86 | 76.6 | 279.46 | 425.23 | 118.1 | 543.33 | 285.71 | 47.14 | 332.85 |
| Kollam | 314.6 | 81.98 | 396.58 | 247.24 | 82.41 | 329.65 | 420.29 | 109.58 | 529.87 | 340.54 | 80.82 | 421.36 |
| Pathanamthitta | 178.19 | 46.43 | 224.62 | 160.96 | 63.14 | 224.1 | 243.6 | 53.87 | 297.47 | 207.84 | 31.57 | 239.41 |
| Alappuzha | 226.94 | 59.13 | 286.07 | 168.1 | 57.12 | 225.22 | 230.66 | 65.26 | 295.92 | 171.95 | 32.97 | 204.92 |
| Kottayam | 210.97 | 54.98 | 265.95 | 153.39 | 51.23 | 204.62 | 237.57 | 53.55 | 291.12 | 199.87 | 30.08 | 229.95 |
| Idukky | 319.07 | 81.19 | 400.26 | 312.78 | 106.29 | 419.07 | 444.87 | 87.85 | 532.72 | 316.83 | 61.34 | 378.17 |
| Ernakulam | 253.97 | 66.18 | 320.15 | 193.61 | 70.76 | 264.37 | 240.46 | 69.53 | 309.99 | 270.53 | 44.99 | 315.52 |
| Trissur | 405.95 | 105.79 | 511.74 | 366.74 | 122.25 | 488.99 | 359.22 | 114.86 | 474.08 | 328.42 | 71.92 | 400.34 |
| Palakkad | 439.16 | 114.43 | 553.59 | 433.79 | 144.6 | 578.39 | 412.39 | 117.37 | 529.76 | 567 | 85.07 | 652.07 |
| Malappuram | 387.1 | 100.87 | 487.97 | 349.66 | 116.55 | 466.21 | 457.73 | 111.39 | 569.12 | 392.8 | 68.57 | 461.37 |
| Kozhikkode | 333.85 | 86.99 | 420.84 | 375.7 | 128.57 | 504.27 | 239.52 | 84.73 | 324.25 | 375.13 | 73.68 | 448.81 |
| Wayanad | 189.08 | 49.2 | 238.28 | 245.82 | 81.94 | 327.76 | 215.2 | 56.5 | 271.7 | 248.44 | 65.38 | 313.82 |
| Kannur | 215.87 | 56.25 | 272.12 | 164.58 | 60.72 | 225.3 | 245.45 | 54.79 | 300.24 | 225.73 | 38.25 | 263.98 |
| Kasargode | 245.37 | 63.94 | 309.31 | 221.63 | 84.81 | 306.44 | 272.16 | 74.13 | 346.29 | 310.04 | 43.47 | 353.51 |
| *Total* | *4068.31* | *1058.09* | *5126.40* | *3596.86* | *1246.99* | *4843.85* | *4444.35* | *1171.51* | *5615.86* | *4240.83* | *775.25* | *5016.08* |

| District | 2004-2005 SGRY Central Release | 2004-2005 SGRY State Release | 2004-2005 Total | 2005-2006 SGRY Central Release | 2005-2006 SGRY State Release | 2005-2006 Total | 2006-2007 SGRY Central Release | 2006-2007 SGRY State Release | 2006-2007 Total |
|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 607.15 | 299.45 | 906.6 | 748.35 | 249.43 | 997.78 | 916.31 | 305.43 | 1221.74 |
| Kollam | 615.54 | 291.31 | 906.85 | 716.46 | 238.82 | 955.28 | 876.91 | 292.30 | 1169.21 |
| Pathanamthitta | 214.66 | 149.56 | 364.22 | 433.7 | 144.16 | 577.86 | 360.99 | 120.33 | 481.32 |
| Alappuzha | 471.3 | 209.59 | 680.89 | 519 | 173 | 692 | 615.84 | 205.27 | 821.11 |
| Kottayam | 366.2 | 199.6 | 565.8 | 463.91 | 154.65 | 618.56 | 520.27 | 173.42 | 693.69 |
| Idukky | 691.62 | 322.82 | 1014.44 | 523.85 | 174.61 | 698.46 | 618.77 | 206.26 | 825.03 |
| Ernakulam | 402.64 | 203.66 | 606.3 | 618.12 | 206.05 | 824.17 | 740.09 | 171.50 | 911.59 |
| Trissur | 850.22 | 355.35 | 1205.57 | 988.07 | 329.36 | 1317.43 | 822.42 | 274.14 | 1096.56 |
| Palakkad | 919.99 | 396.08 | 1316.07 | 1118.23 | 372.74 | 1490.97 | 0.00 | 0.00 | 0.00 |
| Malappuram | 748.17 | 378.77 | 1126.94 | 942.13 | 314.03 | 1256.16 | 1153.11 | 384.37 | 1537.48 |
| Kozhikkode | 755.14 | 319.73 | 1074.87 | 911.3 | 303.77 | 1215.07 | 758.52 | 252.84 | 1011.36 |
| Wayanad | 265.88 | 135.11 | 400.99 | 561.38 | 187.81 | 749.19 | 0.00 | 0.00 | 0.00 |
| Kannur | 455.72 | 197.98 | 653.7 | 575.43 | 191.82 | 767.25 | 605.17 | 201.72 | 806.89 |
| Kasargode | 502.35 | 233.04 | 735.39 | 647.18 | 215.73 | 862.91 | 730.91 | 243.64 | 974.55 |
| *Total* | *7866.58* | *3692.05* | *11558.63* | *9767.11* | *3255.98* | *13023.09* | 8719.31 | 2831.22 | 11550.53 |

Section Officer

SGRY Release 2006-07

| District | 2006-2007 SGRY Central Release | State Release | Total |
|---|---|---|---|
| Thiruvananthapuram | 916.31 | 305.43 | 1221.74 |
| Kollam | 876.91 | 292.30 | 1169.21 |
| Pathanamthitta | 360.99 | 120.33 | 481.32 |
| Alappuzha | 615.84 | 205.27 | 821.11 |
| Kottayam | 520.27 | 173.42 | 693.69 |
| Idukky | 618.77 | 206.26 | 825.03 |
| Ernakulam | 740.09 | 171.50 | 911.59 |
| Trissur | 822.42 | 274.14 | 1096.56 |
| Malappuram | 1153.11 | 384.37 | 1537.48 |
| Kozhikkode | 758.52 | 252.84 | 1011.36 |
| Kannur | 605.17 | 201.72 | 806.89 |
| Kasargode | 730.91 | 243.64 | 974.55 |
| ***Total*** | 8719.31 | 2831.22 | 11550.53 |

Section Officer

അനുബന്ധം - [illegible]

SGRY RELEASE OF ADDITIONAL INSTALLMENT OF CENTRAL ASSISTANCE – 2006-07

| Sl. No. | District | Amount released as installment (Rs. in lakhs) |
|---|---|---|
| 1. | Thiruvananthapuram | 183.39 |
| 2. | Kollam | 175.50 |
| 3. | Pathanamthitta | 106.24 |
| 4 | Alappuzha | 123.84 |
| 5 | Kottayam | 113.64 |
| 6. | Idukki, | 123.84 |
| 7. | Ernakulam | 151.41 |
| 8. | Thrissur | 242.03 |
| 9. | Malappuram | 230.78 |
| 10. | Kozhikode | 223.23 |
| 11 | Kannur | 128.71 |
| 12 | Kasaragod | 146.28 |

Section Officer 19/4/07

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 69 21.6.2007– ൽ മറുപടിക്ക്

## എസ്.എ.ടി. ആശുപത്രിയിൽ നവജാത ശിശുക്കൾ മരിച്ചതിനെക്കുറിച്ച് അന്വേഷണം

ചോദ്യം

ശ്രീ. പ്രൊഫ.കെ.വി.തോമസ് :

ശ്രീ. പി.സി.വിഷ്ണു നാഥ് :

ശ്രീ.കെ.ബാബു :

ഉത്തരം

ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ). 2007 ഏപ്രിൽ–മേയ് മാസങ്ങളിൽ എസ്.എ.ടി.ആശുപത്രിയിൽ അണുബാധ മൂലം നവജാത ശിശുക്കൾ മരിച്ചതിനെപ്പറ്റി അന്വേഷിച്ചിരുന്നോ ; ആരെല്ലാമാണ് അന്വേഷണം നടത്തിയത് ;

(എ) അന്വേഷിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഡോ.വി.രാജശേഖരൻ നായർ, ഡോ. വി.വി.രാധാകൃഷ്ണൻ, ഡോ. ലത, ഡോ. നോയൽ നാരായണൻ, ഡോ.റംലാ ബീവി എന്നിവരടങ്ങുന്ന വിദഗ്ദ്ധ സംഘമാണ് അന്വേഷണം നടത്തിയത്.

(ബി). എസ്.എ.ടി.ആശുപത്രിയിൽ നടന്ന സംഭവങ്ങളെക്കുറിച്ച് മാത്രമാണോ പ്രസ്തുത ഏജൻസികൾ അന്വേഷിച്ചത് ;

(ബി) അതെ

(സി). അന്വേഷണ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞോ; മറ്റ് ആശുപത്രികളിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി റിപ്പോർട്ടിൽ പറയുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞു. റിപ്പോർട്ടിൽ പ്രധാനമായും എസ്.എ.ടി. ആശുപത്രിയിൽ ഇത്തരം സംഭവം മേലിൽ ഉണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട കരുതൽ നടപടികളെക്കുറിച്ചാണ് പറയുന്നത്.

ഡി. ഇക്കാര്യത്തെപ്പറ്റി റിപ്പോർട്ടിൽ പ്രതിപാദിക്കാത്ത പക്ഷം മറ്റ് ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നിർദ്ദേശങ്ങൾ പഠിച്ച് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ ?

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 70

21.6.2007 -ൽ മറുപടിക്ക്

## ഭൂഗർഭ ജലവിതാനം

**ചോദ്യം**

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ഹംസ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. ടി. എ. റഹീം :

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി കുറയുന്നതായി ഭൂജലവകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

**ഉത്തരം**

ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പു മന്ത്രി)

(എ)സംസ്ഥാനത്തെ ഭൂജലനിരപ്പ് ക്രമാതീതമായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടില്ല. ഹൈഡ്രോളജി പ്രോജക്ടിന്റെ ഫലമായി സംസ്ഥാനത്ത് 433 നിരീക്ഷണ കിണറുകളുടേയും 414 നിരീക്ഷണ കുഴൽകിണറുകളുടേയും ജലനിരപ്പിലുള്ള മാറ്റങ്ങൾ എല്ലാ മാസവും നിരീക്ഷിക്കുന്നുണ്ട്. ഇതിൻപ്രകാരം 1992 മുതൽ 2007 ഏപ്രിൽ വരെ 433 നിരീക്ഷണ (തുറന്ന) കിണറുകളിൽ, 68 എണ്ണത്തിൽ ഭൂജലനിരപ്പ് താഴ്ന്നതായി കാണുന്നു. എന്നാൽ വളരെ ചെറിയ വ്യത്യാസം കാണിക്കുന്ന കിണറുകളും ഇതിൽപ്പെടും. സാധാരണയായി ഒരു വർഷം 5 cm ജലനിരപ്പ് താഴുന്ന കിണറുകളാണ് ജലനിരപ്പ് താഴുന്ന കിണറുകളുടെ വിഭാഗത്തിൽപ്പെടുന്നത്. 32 കിണറുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. 29 കിണറുകളിൽ 10 - 19 cm വരെയും, 7 കിണറുകളിൽ 20 cm- ന് മുകളിലും വർഷംതോറും ജലവിതാനം താഴുന്നതായി കാണുന്നു.

414 നിരീക്ഷണ കുഴൽക്കിണറുകളിൽ 1998 മുതൽ 2007, ഏപ്രിൽ വരെയുള്ള വിവരങ്ങൾ അനുസരിച്ച് 45 കുഴൽ കിണറുകളിൽ ഭൂജലനിരപ്പ് താഴുന്നതായി കാണുന്നു. 29 കുഴൽക്കിണറുകളിൽ 10 cm–29 cm വരെയും 9 കുഴൽക്കിണറുകളിൽ 30 cm - 49 cm വരെയും 7 കുഴൽക്കിണറുകളിൽ 50 cm ന് മുകളിലും വർഷംതോറും ജലവിതാനം താഴുന്നതായി കാണുന്നു.

| | |
|---|---|
| (ബി) ഭൂഗർഭ ജലനിരപ്പ് ഗണ്യമായി കുറയുന്നതിനുള്ള കാരണമെന്ത് ; | (ബി) ജനസംഖ്യാ വർദ്ധനവ്, ആധുനിക കൃഷി രീതികൾ, നഗരവൽക്കരണം, പ്രകൃതി സ്രോതസ്സുകളെ അനിയന്ത്രിതമായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ഭൂജലനിരപ്പ് ഗണ്യമായി കുറയുന്നതിനുള്ള കാരണം. |
| (സി) കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുമോ ; | (സി) കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് ഭൂജല ചൂഷണം അമിതമാകുന്നത് തടയുന്നതിന് ഉദ്ദേശിച്ച് നടപ്പിലാക്കിയ നിയമമാണ് കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002. സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും ഈ ആക്ട് വ്യവസ്ഥ ചെയ്യുന്നു. |
| (ഡി) മഴവെള്ള സംഭരണ പദ്ധതികൾ സാർവത്രികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 71.

21.6.2007-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കെ.എസ്.ആർ.ടി.സി യുടെ സെൻട്രൽ വർക്ക്ഷോപ്പ് ഉൾപ്പെടെ എല്ലാ വർക്ക്ഷോപ്പുകളും ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) സെൻട്രൽ വർക്ക്ഷോപ്പ് ഉൾപ്പെടെ എല്ലാ വർക്ക്ഷോപ്പുകളും ആധുനീകരിക്കുന്നതിന് കോടിക്കണക്കിന് രൂപ ആവശ്യമാണ്. ഈ തുക ചെലവാക്കുന്നതിന് ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി ക്ക് ഇപ്പോൾ സാധിക്കുകയില്ല. കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് വർക്ക്ഷോപ്പുകൾ ആധുനീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ബി) കെ.എസ്.ആർ.ടി.സി രൂപകല്പന ചെയ്തിട്ടുള്ള എല്ലാവിധ ബസ്സുകളുടേയും ബോഡികൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും പര്യാപ്തമായ രീതിയിൽ വർക്ക്ഷോപ്പുകൾ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിന് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നുണ്ടോ; | സി) | ഇല്ല |
| ഡി) | സ്വന്തമായി ബോഡി നിർമ്മിക്കുന്നതിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ; | ഡി) | പുറമേ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് പെട്ടെന്ന് തന്നെ ബോഡി റിപ്പയർ ചെയ്യേണ്ടിവന്നിട്ടുണ്ട്. സ്വന്തമായി ബോഡി ചെയ്യുന്നതുമൂലം ഇത് ഒഴിവാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) | വാണിജ്യാടിസ്ഥാനത്തിൽ ഇതര കോർപ്പറേഷനുകളുടെയും സർക്കാരിന്റെയും വാഹനങ്ങളുടെ ബോഡി നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ സൗകര്യം ഏർപ്പെടുത്തുമോ? | ഇ) | വാണിജ്യാടിസ്ഥാനത്തിൽ ഇതര കോർപ്പറേഷനുകളുടെയും സർക്കാരിന്റെയും വാഹനങ്ങളുടെ ബോഡി നിർമ്മാണവും, അറ്റകുറ്റപ്പണിയും ചെയ്യുന്നതിന് തത്ക്കാലം കെ.എസ്.ആർ.ടി.സി യിൽ ആലോചനയില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 72. | 21.6.2007-ൽ മറുപടിക്ക്

## സ്പീഡ് ഗവേർണർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>പ്രൊഫ.കെ.വി.തോമസ് | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ വാഹനങ്ങളിൽ സ്പീഡ് ഗവേർണർ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | എ) പൂർത്തിയായി വരുന്നു. |
| ബി) ഇപ്രകാരം സ്ഥാപിച്ച സ്പീഡ് ഗവേർണർ പലതും ഗുണനിലവാരം കുറഞ്ഞതായതിനാൽ പ്രവർത്തനരഹിതമായിത്തീരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി കൈക്കൊള്ളുമെന്നു വ്യക്തമാക്കുമോ; | ബി) മോട്ടോർ വെഹിക്കിൾസ് നിയമത്തിൽ നിഷ്ക്കർഷിച്ച പ്രകാരമുള്ള എ.ഐ.എസ്:018 ഗുണനിലവാരമുള്ളതും എ.ആർ.എ.ഐ.പോലുള്ളസ്ഥാപനങ്ങൾ അംഗീകരിച്ചതുമായ സ്പീഡ് ഗവർണർ മാത്രമേ ഘടിപ്പിക്കുവാൻ പാടുള്ളൂ. |
| സി) കെ.എസ്.ആർ.ടി.സി യുടെ എല്ലാ ബസ്സുകളിലും സ്പീഡ് ഗവേർണർ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിരത്തിലോടുന്ന എത്ര ബസ്സുകളിലാണ് ഇനി സ്പീഡ് ഗവേർണർ സ്ഥാപിക്കാനുള്ളത്;<br>ഡി) ഇവ സ്ഥാപിക്കാതിരുന്നതിൻെറ കാരണമെന്താണ്? | (സി) യും (ഡി) യും<br>കെ.എസ്.ആർ.ടി.സി യുടെ ഓടുന്ന ബസ്സുകളിലെല്ലാം സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ട്. ഓടാതിരിക്കുന്ന 559 ബസ്സുകളിലാണ് ഇനി സ്പീഡ് ഗവേർണർ സ്ഥാപിക്കാനുള്ളത്. ഈ വർഷം 500-ഓളം ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതിനാലാണ് പ്രസ്തുത വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കാത്തത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 73 — 21.6.2007 ലെ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.സി.എം. ദിനേശ് മണി<br>ശ്രീ.സി.കെ.കുഞ്ഞമ്പു<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിർമ്മാണം ആരംഭിച്ച ജപ്പാൻ കുടിവെള്ള പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നത്; | എ)1.തിരുവനന്തപുരം നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി<br>2. മീനാടിനും സമീപഗ്രാമവാസികൾക്കും വേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി (കൊല്ലം ജില്ല)<br>3. ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി (ആലപ്പുഴ ജില്ല)<br>4. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി.<br>5. പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി (കണ്ണൂർ ജില്ല) |
| ബി) ഈ പദ്ധതി മൂലം എത്ര പേർക്ക് പ്രയോജനം കിട്ടുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | ബി) ഈ പദ്ധതി മൂലം 41 ലക്ഷത്തോളം ജനങ്ങൾക്ക് പ്രയോജനം കിട്ടുമെന്നാണ്. കണക്കാക്കിയിട്ടുള്ളത്. |
| സി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | സി) ഈ പദ്ധതി 23 കോൺട്രാക്റ്റ് പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഇതിൽ 21 പാക്കേജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു, |

അവശേഷിക്കുന്ന രണ്ടു പാക്കേജുകൾ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലെ നിലവിലുള്ള പദ്ധതികളുടെ റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങളാണ്. അവയുടെ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

ഡി) തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ റിഹാബിലിറ്റേഷൻ ഒഴികെയുള്ള പ്രവൃത്തികൾ 2008 അവസാനത്തോടെയും തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ 2009 ഓഗസ്റ്റ് മാസത്തോടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇ) പദ്ധതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുവാനും സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഇ) പദ്ധതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജലവിഭവ വകുപ്പു മന്ത്രി ചെയർമാനായി കോ—ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആറു മന്ത്രിമാർ ഉൾപ്പെടുന്ന ഒരു കാബിനറ്റ് സബ് കമ്മിറ്റിയും പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.74 — 21.6.07ൽ മറുപടിയ്ക്ക്

അംഗീകാരമില്ലാത്ത അനാഥാലയങ്ങളും വൃദ്ധസദനങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.എസ്.രാജേന്ദ്രൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങൾ, മറ്റു ധർമ്മസ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതിയോടുകൂടി ഒരു അന്തേവാസിക്ക് പ്രതിമാസം 150/-രൂപാ നിരക്കിൽ ഗ്രാൻറ് നൽകുന്നു. 617 അനാഥാലയങ്ങൾക്കും 153 വൃദ്ധസദനങ്ങൾക്കും 4 യാചക മന്ദിരങ്ങൾക്കും സർക്കാർ ഗ്രാൻറിനു അനുമതിയുണ്ട്. |
| (ബി) | ഓരോ വിഭാഗത്തിലും എത്ര സ്ഥാപനങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്; | (ബി) | സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡാണ് ധർമ്മ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്. ഇതുവരെ 1354 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ വിഭാഗത്തിലും താഴെപറയും പ്രകാരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>അനാഥാലയം 913<br>വൃദ്ധസദനം 324 |

| | | | |
|---|---|---|---|
| | | | യാചക മന്ദിരം 12<br>എയിഡ്സ് ബാധിച്ച് കുട്ടികളുടെ ) 1<br>പുനരധിവാസം )<br>സ്ത്രീകളുടെ ഭവനം 26<br>വികലാംഗ സദനം 5<br>തെരുവു കുട്ടികളുടെ സദനം 2<br>അഗതി മന്ദിരം തുടങ്ങിയവ 71<br>-----<br>ആകെ 1354<br>===== |
| (സി) | സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമില്ലാത്ത അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയവ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ | (സി) | ഉണ്ട്. അത്തരം സ്ഥാപനങ്ങൾക്കെതിരെ ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആൻറ് അദർ ചാരിറ്റബിൾ ഹോംസ് ആക്റ്റ് 1960 പ്രകാരം നടപടി എടുത്തു വരുന്നു. |
| (ഡി) | അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്? | (ഡി) | അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിനു സാമ്പത്തിക സഹായം നൽകുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓർഫനേജുകളിൽ സംരക്ഷിക്കപ്പെടുകയും സർക്കാർ ഗ്രാൻറിനു അർഹതയുള്ള അന്തേവാസികൾക്കാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നത്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ സർക്കാർ അംഗീകാരമുള്ള സന്നദ്ധസംഘടനകളോ, വ്യക്തികളോ നടത്തുന്ന സ്ഥാപനങ്ങളിലോ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകൾ പഠിക്കുകയും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കോഴ്സ് ഫീസ് ഇനത്തിൽ ആവശ്യമായ തുകയുടെ 50 ശതമാനമോ 20,000/-രൂപയോ അതിൽ ഏതാണോ കുറവ് പ്രസ്തുത തുകയാണ് ധനസഹായമായി |

| | | | |
|---|---|---|---|
| | | | നൽകുന്നത്.<br>രണ്ട് വർഷമോ കുറവോ കാലദൈർഘ്യമുള്ള സർക്കാർ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്നതിനാണ് ധനസഹായം.<br>ഓരോ ജില്ലയിൽ നിന്നും മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 10 പേർക്കു വീതമാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 75 21.6.2007- ൽ മറുപടിക്ക്

## മെഡിക്കൽ സർവ്വകലാശാല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എം. മോനായി :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. വി. ശശികുമാർ : | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ. സംസ്ഥാനത്ത് മെഡിക്കൽ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച പദ്ധതി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി. എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) സർക്കാരിന്റെയും സ്വാശ്രയ സഹകരണ മേഖലകളിലെയും എല്ലാ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി സ്ഥാപനങ്ങളെയും മറ്റ് പാരാ മെഡിക്കൽ സ്ഥാപനങ്ങളെയും നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരിക, ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയ്ക്ക് വേണ്ടി 'ആയുഷ്' എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ ഓരോന്നിനും വെവ്വേറെ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുകയോ ചെയ്യുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ. |
| സി. ഏതെല്ലാം കോളേജുകളാണ് സർവ്വകലാശാലയുടെ പരിധിയിൽ വരുന്നത് ; | (സി) സർക്കാരിന്റെയും സഹകരണ സ്വാശ്രയ മേഖലകളുടേയും കീഴിൽ വരുന്ന മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, മറ്റു പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയാണ് മെഡിക്കൽ സർവ്വകലാശാലയുടെ പരിധിയിൽ വരുന്നത്. |

| | |
|---|---|
| ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ച നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; മെഡിക്കൽ സർവ്വകലാശാലയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) ഉണ്ട്. മെഡിക്കൽ സർവ്വകലാശാലയുടെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Klmml

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76 — 21.6.2007-ൽ മറുപടിയ്ക്ക്

### <u>അംഗീകാരമില്ലാത്ത നഴ്സിംഗ് സ്ഥാപനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. കെ.ടി. ജലീൽ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത നഴ്സിംഗ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ; | എ) ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുണ്ട്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ച പട്ടിക അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| സി) അയൽ സംസ്ഥാനങ്ങളിലെ അംഗീകൃത നഴ്സിംഗ് സ്ഥാപനങ്ങളുടെ ലിസ്റ്റ് കേരളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് കേരളാ നഴ്സിംഗ് കൗൺസിലിൽ ലഭ്യമാണ്. കൂടാതെ www.indiannursingcouncil.org. എന്ന വെബ്സൈറ്റിലും ലഭ്യമാണ്. |
| ഡി) അംഗീകാരമില്ലാത്ത നഴ്സിംഗ് സ്ഥാപനങ്ങളിൽ കേരളത്തിലെ കുട്ടികൾ അകപ്പെട്ടുപോകുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി) ഇക്കാര്യം തടയുവാൻ നിയമപരമായി നടപടികൾ സ്വീകരിക്കുവാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ ഇതിനാവശ്യമായ പ്രചരണം സംഘടിപ്പിക്കുവാൻ കേരളാ നഴ്സസ് ആന്റ് മിഡ്‌വൈഫ്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിൽനിന്നുമുള്ള കുട്ടികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രി 10.04.2007 - ലെ 12835/സി3/07/ആ.കു.വ. കത്തു പ്രകാരം കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് മുഖ്യമന്ത്രിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## LIST OF PRIVATE HOSPITALS NOT RECOGNISED BY THE INDIAN NURSING COUNCIL FOR CONDUCTING GENERAL NURSING AND MIDWIFERY COURSE

### THIRUVANANTHAPURAM

| Sl. No. | Name and Address of the Nursing Schools |
|---|---|
| 1. | G.G. Hospital School of Nursing, G.G Hospital, Thekkummoodu, Thiruvananthapuram.-695 011. |
| 2. | Little Flower School of Nursing, Jubilee Memorial Hospital, Meads Lane, Palayam, Thiruvananthapuram-695 034. |
| 3. | C.S.I School of Nursing, Dr. Somervell Memorial C.S.I Medical College Hospital, Karakonam, Thiruvananthapuram.- 695 504 |
| 4. | P.N.M. School of Nursing, P.N.M Hospital, Kattakkada, Thiruvananthapuram-695 572. |
| 5. | K.M.C School of Nursing, Karete Medical Centre (P) Ltd., Karete, Vamanapuram, Thiruvananthapuram – 695 606. |
| 6. | P.R.S.School of Nursing, P.R.S Hospital, Killippalam, Thiruvananthapuram-695 002. |
| 7. | National School of Nursing, Al-Arif Hospital, Ambalathara, Manacaud P.O., Thiruvananthapuram-695 009. |
| 8. | A.J. School of Nursing, A.J Hospital, Kazhakuttam, Thiruvananthapuram-695 582. |
| 9. | S.P. Fort School of Nursing, S.P Fort Hospital, P.B. No.5017, Fort, Thiruvananthapuram-695 023. |
| 10. | KIMS School of Nursing, KIMS Hospital, Anamukham, P.B.No.1, Anayara P.O., Thiruvananthapuram. |
| 11. | Varkala Nursing Home School of Nursing, Dr R. Raghavan Memorial, Sivagiri Road, Varkala-695 141. |
| 12. | Lords School of Nursing, Lords Hospital, Maharajas Lane, Anayara P.O., Thiruvananthapuram-695 029. |

### KOLLAM

| | |
|---|---|
| 13. | C.S.I School of Nursing, L.M.S. Boy's Brigade Hospital, Kundara, Kollam-691 501. |
| 14. | Mar Theodosius Memorial Mission School of Nursing, Mar Theodosius Memorial Mission Hospital, Poruvazhy, Sasthamkotta, Kollam-690 520. |
| 15. | Vijaya School of Nursing, Vijaya Hospital, Kottarakkara, Kollam-691 531. |

### PATHANAMTHITTA

| | |
|---|---|
| 16. | Sunny Panavelil Memorial School of Nursing, Ranni Marthoma Medical Mission Centre, Angadi P.O., Ranny-689 674. |
| 17. | St. Thomas School of Nursing, St. Thomas Hospital, Malakkara, Chengannur, Pathanamthitta |

### KOTTAYAM

| | |
|---|---|
| 18. | St.Rita's School of Nursing, St. Rita's Hospital, Nalukody P.O., Changanacherry-686 548. |
| 19. | Mannam Memorial N.S.S Medical Mission Hospital Karukachal Kottayam. |
| 20. | School of Nursing, NSS Medical Mission Hospital, Perunnai Changanacherry. |
| 21. | School of Nursing Bharath Hospital, P.N.No.222, Azad Lane, Kottayam |

ERNAKULAM

| | |
|---|---|
| 22. | School of Nursing, K.G. Hospital, Angamaly-683 572. |
| 23. | School of Nursing, Sree Sudheendra Medical Mission Hospital, Chitoor Road, Ernakulam-682 018. |
| 24. | School of Nursing, Ernakulam Medical Centre (P) Ltd., N.H. Bypass, Palarivattom, Kochi-682 005. |
| 25. | Rajiv Gandhi School of Nursing, Co-operative Hospital, Koothattukulam Co-operative Hospital Ltd., Koothattukulam-686 662 |
| 26. | Perpetur Succour School of Nursing, Maradu, Ernakulam. |

THRISSUR

| | |
|---|---|
| 27. | School of Nursing, Abdul Wahab Memorial Rajah Charitable Hospital, Muthuvatoor, Chavakkad 680 506 |
| 28. | School of Nursing, Trichur Heart Hospital Ltd., Trichur-680 001. |
| 29. | Ansar School of Nursing, Ansar Hospital, Perumpilav, Thrissur-680 519. |
| 30. | Aswini School of Nursing, Aswini Hospital Pvt. Ltd., Nadathara P.O.,Thrissur 680 020 |
| 31. | Irinjalakuda Co-operative School of Nursing Irinjalakuda Co-perative Hospital Ltd., Kolothumpadi, Nadavaramba P.O.Thrissur.680 661 |
| 32. | School of Nursing, Trichur District Co-operative Hospital Ltd., Shornur Road, Thrissur 680 001 |

MALAPPURAM

| | |
|---|---|
| 33. | School of Nursing, P.M.S.A. Memorial Malappuram District Co-operative Hospital Ltd., Malappuram-676 505. |
| 34. | M.B. School of Nursing, M.B. Hospital, Downhill, Malappuram-676 519. |
| 35. | School of Nursing, Edappal Hospital Pvt. Ltd., Edappal P.O., Malappuram – 679 576. |
| 36. | C.H. School of Nursing, Perinthalmanna Road, Valanchery, Malappuram-676 552. |

PALAGHAT

| | |
|---|---|
| 37. | School of Nursing, Deenabandhu Hospital, Thachampara 678 593. |
| 38. | School of Nursing, Valluvanad Hospital Complex Ltd., Kanniampuram, Ottapalam - 679 104. |
| 39. | School of Nursing, Crescent Hospital, Court Road, Alathur, Palakkad - 679 101. |
| 40. | School of Nursing, Seventh Day Adventist Hospital, Ottappalam – 679 104. |

KOZHIKODE

| | |
|---|---|
| 41. | School of Nursing, The Kozhikode District Co-operative Hospital Ltd., Eranhipalam, Kozhikode - 673 006. |

KANNUR

| | |
|---|---|
| 42. | School of Nursing, Tellicherry Co-operative Hospital, Thelassery – 670 101 |
| 43. | School of Nursing Amala Hospital, Iritty, Kannur 670 703 |

KASARAGOD

| | |
|---|---|
| 44. | School of Nursing, Fathima Hospital, Plaza Junction, N.H. Byepass Road, Kasaragod - 671 121. |
| 45. | Nisa School of Nursing, Nisa Hospital, Post Mangalpady, Bandiyod, Kasaragod – 671 324. |

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ. 77 — 21.6.2007-ൽ മറുപടിയ്ക്ക്

## ചിക്കുൻഗുനിയയും പകർച്ചപ്പനിയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീമതി. പി.കെ. ശ്രീമതിടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

.....

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പടർന്നു പിടിച്ചിട്ടുള്ള ചിക്കുൻഗുനിയയും പകർച്ചപനിയും നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(എ) എല്ലാ സർക്കാർ ആശുപത്രികളിലും പനി ബാധിച്ച് എത്തുന്നവരെ ചികിത്സിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിൽ നിന്നും ഡോക്ടർമാരെയും ഹൗസ് സർജൻമാരെയും നഴ്സുമാരെയും നഴ്സിംഗ് വിദ്യാർത്ഥി കളെയും വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. രോഗബാധ കൂടുതലായുള്ള ജില്ലകളിൽ മറ്റു ജില്ലകളിൽ നിന്നും ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. രോഗം പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നതിനായി സ്പ്രേയിംഗ്, ഫോഗിംഗ്, പ്രജനന കേന്ദ്രങ്ങൾ കണ്ടെത്തി നശിപ്പിക്കൽ എന്നീ പ്രക്രിയകളും നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ

എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനവും ലഭ്യമാണ്. ഇതിനു പുറമെ പരിസര ശുചീകരണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സായുധ സേനാംഗങ്ങളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഇവർ സൗജന്യ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. ആയുർവേദ ഹോമിയോ വിഭാഗങ്ങളും മെഡിക്കൽ ക്യാമ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) രോഗബാധിതരായി എത്ര പേരെയാണ് ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ളത്;

(ബി) 17.6.2007 വരെ വൈറൽ പനി ബാധിതരായി 10,27,805 പേരെ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയുണ്ടായി.

(സി) എത്ര പേർക്ക് ചിക്കുൻഗുനിയ ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്; രോഗബാധിത മേഖലകളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) 242 പേർക്ക ചിക്കുൻഗുനിയ ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. രോഗബാധിത മേഖലകളിൽ അധിക ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനവും ആവശ്യത്തിനുള്ള മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും മിലിട്ടറി സർവ്വീസിന്റെയും നേതൃത്വത്തിൽ പ്രത്യേക സൗജന്യ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

(ഡി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. ഏറെ നാളായി ഒഴിഞ്ഞു കിടന്ന ഡയറക്ടറുടെ തസ്തികയിൽ ഫുൾടൈം പ്രോജക്ട് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. 2006-2007 സാമ്പത്തിക വർഷത്തിൽ 27.5 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി നല്കി. ഈ തുകകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ട് വിഭാഗങ്ങളായ ഡയഗ്നോസ്റ്റിക് ലാബും ഫീൽഡ് സർവൈലൻസ് യൂണിറ്റും കാര്യക്ഷമമാക്കിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനമന്ദിരം സ്ഥാപിക്കുന്നതിന് 8.12 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 10 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) കൊതുകു നിവാരണത്തിനായി ആരോഗ്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

(ഇ) കൊതുകു നിവാരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നാണ് നടത്തി വരുന്നത്. ഫോഗിംഗിന് ആവശ്യമായ ഇന്ധനം, മരുന്നു തളിക്കുന്നതിന് ആവശ്യമായ സ്പ്രേയറുകൾ എന്നിവയും തൊഴിലാളികളുടെ സേവനവും തദ്ദേശസ്വയംഭരണ വകുപ്പ് ആണ് ലഭ്യമാക്കുന്നത്.

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 78 21.6.2007- ൽ മറുപടിക്ക്

## എസ്.എ.ടി. ആശുപത്രിയിലെ അണുബാധ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.ആർ.സെൽവരാജ് :<br>ശ്രീമതി.ജെ.അരുന്ധതി : | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ). തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ അണുബാധ സംബന്ധിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ് ; | (എ) മുൻ മാസങ്ങളെ അപേക്ഷിച്ച് 2007 മാർച്ച് ഏപ്രിൽ മാസങ്ങളിലെ നവജാത ശിശുക്കളുടെ മരണനിരക്ക് കൂടുതലാണെന്ന് സമിതി കണ്ടെത്തിയിട്ടുണ്ട്. അണുബാധ യഥാസമയം ശ്രദ്ധയിൽപ്പെടുകയും അത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തെങ്കിലും 'ഇൻ ബോൺ ബേബി നഴ്സറി' യിലെ രോഗികളെ അവിടെ നിന്നും മാറ്റാൻ മറ്റൊരു സ്ഥലം ലഭ്യമല്ലാതിരുന്നതുകൊണ്ടും അത് ശുദ്ധീകരിക്കാനായി അടച്ചിടാതിരുന്നതുകൊണ്ടും ആശുപത്രിയിലെ അണുബാധ പൂർണ്ണമായും ഉടൻ നിയന്ത്രിക്കാൻ സാധിച്ചില്ല. ആശുപത്രി സ്റ്റാഫിന്റെ കുറവും രോഗികളുടെ അമിത ബാഹുല്യവും കാര്യങ്ങൾ ഗുരുതരമാക്കുന്നതിന് കാരണമായിട്ടുണ്ട്. 765 രോഗികളെ അഡ്മിറ്റ് ചെയ്യേണ്ട സ്ഥാനത്ത് 1200 രോഗികളെ വരെ അഡ്മിറ്റ് ചെയ്യതായി കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. പ്രസവമുറിയിലെയും നവജാത ശിശുക്കളെ പരിപാലിക്കുന്ന നഴ്സറിയിലെയും ആൾക്കൂട്ടവും ഇതിന്റെ കാരണങ്ങളിൽ ഒന്നാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി)റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) അണുബാധ നിയന്ത്രിച്ച് നവജാത ശിശു മരണനിരക്ക് കുറക്കാൻ സാധിച്ചിട്ടുണ്ട്. ആശു |

| | |
|---|---|
| | പത്രിയുടെയും ജീവനക്കാരുടെയും ശുചിത്വം ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സന്ദർശകരെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിൽ നിലനിന്നിരുന്ന 'ഇരട്ട' നിയന്ത്രണ രീതി നിർത്തലാക്കി എല്ലാ സ്റ്റാഫിനെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. കൂടുതൽ സ്റ്റാഫുകളെ നിയമിച്ചു അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| **(സി)**. ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യത്തിന് **ജീവനക്കാരെ** നിയമിക്കുന്നതിനും നടപടി **സ്വീകരിക്കുമോ** ; | **(സി)** നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **(ഡി)**. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലെയും ഓപ്പറേഷൻ തീയറ്ററുകൾ അണുവിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ; | **(ഡി)** നടപടി സ്വീകരിച്ചു വരുന്നു. |
| **(ഇ)** വാർഡുകളിൽ സന്ദർശകരുടെ എണ്ണം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ? | **(ഇ)** നടപടി സ്വീകരിച്ചിട്ടുണ്ട്. |

Klumar

**സെക്ഷൻ ഓഫീസർ**

---

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 79

21.06.2007-ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ ഡാം സുരക്ഷ അതോറിറ്റിയുടെ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഡാം സുരക്ഷ അതോറിറ്റി മുല്ലപ്പെരിയാർ അണക്കെട്ട് എത്ര പ്രാവശ്യം സന്ദർശിച്ചു; | (എ) 3 തവണ. |
| (ബി) അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റി ഡാം സുരക്ഷ അതോറിറ്റിയുടെ ഉപദേശമെന്താണ് ; | (ബി) ഉപദേശം ലഭിച്ചിട്ടില്ല. |
| (സി) മുല്ലപ്പെരിയാർ ഡാമിൽ അപകടകരമായ രീതിയിൽ ചോർച്ചയുണ്ടോ ; | (സി) കാലപ്പഴക്കവും, ബലക്ഷയവും മൂലം മുല്ലപ്പെരിയാർ ഡാമിൽ ചോർച്ചയുണ്ട്. |
| (ഡി) ഡാമിന്റെ അപകടാവസ്ഥയെ സംബന്ധിച്ച് അതോറിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ;<br><br>(ഇ) ഇല്ലാത്തപക്ഷം റിപ്പോർട്ട് നൽകുന്നതിലെ കാലതാമസത്തിന് കാരണമെന്ത് ; | (ഡി) ആന്റ് (ഇ)<br>2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പഠനം നടത്തുവാനും റിപ്പോർട്ട് നൽകുവാനുമുള്ള അധികാരം റിട്ടയേർഡ് സി.ജെ. അദ്ധ്യക്ഷനായുള്ള ഡാം സേഫ്റ്റി അതോറിറ്റിയുടെ അധികാര പരിധിയിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:80 21.06.2007-ൽ മറുപടിയ്ക്ക്.

# പെർഫോമൻസ് ഓഡിറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജു .<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.എ.കെ. ചന്ദ്രൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ഭരണ നിർവ്വഹണ പരിശോധനയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നടത്താറുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ ഓഡിറ്റിനു വേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൺകറന്റ് ആന്റ് കറക്ടീവ് ഓഡിറ്റ് നടത്തുന്നതിനായി സെൻ കമ്മിറ്റി ശുപാർശയനുസരിച്ച് 1997 മുതൽ പെർഫോമൻസ് ഓഡിറ്റ് ചട്ടങ്ങൾ ഉണ്ടാക്കി മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്തുകളിലും ആറുമാസത്തിലൊരിക്കൽ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും (ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ) ഓഡിറ്റ് നടത്തി വരുന്നുണ്ട്.<br>പഞ്ചായത്ത് അസി:ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള ടീമാണ് ഓരോ ജില്ലയിലും ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്.തിരുവനന്തപുരം കൊല്ലം, ആലപ്പുഴ, കോട്ടയം,എറണാകുളം, |

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരും മറ്റ് അഞ്ച് ജില്ലകളിൽ സെക്രട്ടറിയേറ്റിലെ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുമാണ് പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്. ഓരോ ജില്ലയിലും ഓഡിറ്റ് നടത്തുന്നതിനായി ഒരു സെക്ഷൻ ഓഫീസറും രണ്ട് അസിസ്റ്റൻറുമാരും അടങ്ങുന്ന ടീമുണ്ട്. ഇവർ ജില്ലയിലെ അസി.ഡവലപ്മെന്റ് കമ്മീഷണർ (പിഎ)യുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് കൊല്ലം, കൊച്ചി, കോഴിക്കോട് കേന്ദ്രമാക്കി 3 മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. അഡീ.സെക്രട്ടറി/ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരാണ് മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ. അദ്ദേഹത്തിന്റെ കീഴിൽ ഓഡിറ്റ് നടത്തുന്നതിനായി ഒരു സെക്ഷൻ ഓഫീസർ, 4 അസിസ്റ്റന്റുമാർ എന്നിവരടങ്ങുന്ന ടീമുണ്ട്.

മുനിസിപ്പാലിറ്റികളുടെ പെർഫോമൻസ് ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി ദക്ഷിണമേഖല, മധ്യമേഖല, ഉത്തരമേഖല കേന്ദ്രമാക്കി മുനിസിപ്പൽ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ അഡീ:ഡയറക്ടർമാരുടെ നിയന്ത്രണത്തിൽ മൂന്ന് റീജിയണൽ ടീമുകൾ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ പെർഫോമൻസ് ഓഡിറ്റ് സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്നതിന് സംസ്ഥാന

തലത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയും അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുമുണ്ട്. ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിലുള്ള ടി ഉദ്യോഗസ്ഥന്റെ ഓഫീസ് സെക്രട്ടറിയേറ്റിലാണ് പ്രവർത്തിക്കുന്നത്. മേൽപ്പറഞ്ഞ ഓഡിറ്റ് ടീമുകളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാലാകാലങ്ങളിൽ ഓഡിറ്റ് നടത്തി വരുന്നുണ്ട്.

| | |
|---|---|
| (സി) പെർഫോമൻസ് ഓഡിറ്റ് മുഖേന ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) പെർഫോമൻസ് ഓഡിറ്റ് മുഖേന ചില ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട്. അതിൻ പ്രകാരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. പൂർത്തിയാകാത്ത പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കുന്നതിനും ഉദ്യോഗസ്ഥതലങ്ങളിൽ ഈ പ്രക്രിയ കാര്യക്ഷമമായി നടത്തുന്നതിനുമുള്ള നടപടിക്രമങ്ങളും സ്വീകരിച്ചു വരുന്നു.<br><br>2. വകമാറ്റി ചെലവഴിക്കൽ, പണാപഹരണം, രേഖകളിൽ കൃത്രിമം, നിർജീവ ആസ്തി നിർമ്മാണം എന്നിവയിലും പെർഫോമൻസ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>3. പണാപഹരണം രേഖകളിൽ കൃത്രിമം |

കാണിച്ചതിന് ത്രിതല പഞ്ചായത്തിലെ ചില ഉദ്യോഗസ്ഥരെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

4. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റേതെങ്കിലും വകുപ്പുകളിലെ ഉദ്യോഗസ്ഥരാണെങ്കിൽ , ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ അതാത് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

5. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നൽകിയ വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വികസനത്തിനായുള്ള ആ തുക തനത് ഫണ്ടിൽ നിന്ന് വകയിരുത്തി വികസന പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

6. ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായ കേസുകളിൽ വിജിലൻസ് അന്വേഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

7. ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം വികസന പ്രവർത്തനങ്ങളിൽ സർക്കാരിനുണ്ടായ നഷ്ടം അതാത് ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വികസന ഫണ്ട് അഡ്വാൻസായി സ്വീകരിച്ച് വികസന പ്രവർത്തനം നടത്താത്ത കൺവീനർമാരിൽ നിന്നും പലിശ സഹിതം തുക തിരിച്ചു പിടിക്കുന്നതിന് റവന്യൂ റിക്കവറി മാർഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനുപരി ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനും വീഴ്ചകൾ ഉണ്ടായാൽ അവ തിരുത്തുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുന്ന പ്രവർത്തനമാണ് പ്രധാനമായും പെർഫോമൻസ് ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 81 — 21.06.2007-ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. എൻ. ശക്തൻ | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ഈ വർഷം പകർച്ചപ്പനിമൂലം ഇതുവരെ എത്രപേർ മരിച്ചു. | എ) വിവിധ രീതിയിലുള്ള പകർച്ചപനിയുള്ള പ്രദേശങ്ങളിൽ നിന്നും പനി ബാധിച്ചവരിൽ പ്പെട്ട 83 പേർ മരണമടഞ്ഞതായി റിപ്പോർട്ടുണ്ട് (01.01.2007 മുതൽ 18.06.2007 വരെ) |
| ബി) ഓരോജില്ലയിലും ഇത്തരത്തിൽ എത്രപേർ മരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | കൊല്ലം - 7<br>പത്തനംതിട്ടി - 46<br>കോട്ടയം - 30 |
| സി) അടിക്കടി ഉണ്ടാകുന്ന ഈ പകർച്ചവ്യാധി തടയുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും എതൊക്കെ വിദഗ്ധസംഘങ്ങളെയാണ് ചുമതലപ്പെടുത്തിയത് | സി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ സംസ്ഥാനത്ത് നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീം ജില്ലാ റാപ്പിഡ്റെസ്പോൺസ് ടീം, സബ്ജില്ലാ റാപ്പിഡ് റെസ്പോൺസ് ടീം എന്നിവർ സ്ഥിതിഗതികൾ അവലോകനം ചെയ്ത് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനതല പകർച്ചവ്യാധി കൺട്രോൾ റൂം സെക്രട്ടറിയേറ്റിൽ പ്രവർത്തനം ആരംഭിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൽ നൽകിവരുന്നു. പ്രാഥമിക സാമൂഹ്യ ആരോഗ്യകേന്ദ്ര തലത്തിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br>കൂടാതെ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്, സെന്റർ ഫോർ റിസർച്ച് ഇൻ മെഡിക്കൽ എന്റമോളജി മധുര എന്നിവയുടെ ടീമുകൾ വിവിധ ജില്ലകളിൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെയും പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ നേതൃത്വത്തിലും പഠനങ്ങൾ നടന്നുവരുന്നു. |

| | |
|---|---|
| ഡി) ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദ വിവരങ്ങൾ നൽകാമോ; | ഡി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസ് മെയ് 14 മുതൽ 19-ാം തീയതിവരെ വിവിധ ജില്ലകളിൽ പഠനം നടത്തി റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ടിൽ മാസത്തിലൊരിക്കൽ ഈഡിസ് കൊതുകുകളുടെ വളർച്ചയുടെ തോത് വിലയിരുത്തി ഡെങ്കിപ്പനി പകരാൻ സാദ്ധ്യതയുള്ള സ്ഥലത്ത് കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്താനും നിർദ്ദേശിച്ചിരുന്നു. കൂടാതെ മഴക്കാലത്തിനു മുൻപ് പാർപ്പിട സമുച്ചയങ്ങളിലും തരിശുസ്ഥലങ്ങളിലുമുള്ള ചവറുകൾ നീക്കം ചെയ്യുക, സാമൂഹ്യ ബോധവത്ക്കരണത്തിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക, കുടിവെള്ള ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, വെള്ളം സൂക്ഷിക്കുന്ന പാത്രം കൊതുക് കടക്കാത്തവിധം അടച്ചു സൂക്ഷിക്കുവാൻ ബോധവത്ക്കരണം നടത്തുക, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക, റബർ തോട്ടങ്ങളിലെ ചിരട്ടകൾ മഴക്കാലത്ത് കമഴ്ത്തിവയ്ക്കുന്നതിന് ഉടമകളെ ബോധവത്ക്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിരുന്നു. |
| ഇ) പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന വസ്തുത കണക്കിലെടുത്ത് ആരോഗ്യമേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ തയ്യാറാകുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഇ) പകർച്ചവ്യാധികൾ തടയുന്നതിന് വിപുലമായ സംവിധാനം സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൊതുകുജന്യരോഗങ്ങൾ തടയുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഉപേക്ഷിച്ച പാത്രങ്ങൾ, ചിരട്ടകൾ, പ്ലാസ്റ്റിക് ബാഗുകൾ എന്നിവ കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങളായി മാറുന്നു. അതിനാൽ ഇവ ശരിയായ രീതിയിൽ സംസ്കരിക്ക |

പ്പെടേണ്ടതുണ്ട്. വീട്ടിലെ സൺഷേഡിൽ കെട്ടിനിൽക്കുന്ന വെള്ളത്തിലും കൊതുകുകൾ മുട്ടയിടുന്നു. ഇക്കാര്യങ്ങളെക്കുറിച്ചുള്ള അവബോധം ഓരോ വ്യക്തിക്കും ഉണ്ടാകേണ്ടതാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവ ഇനിയും ശക്തിപ്പെടുത്തുന്നതായിരിക്കും. പകർച്ചവ്യാധികൾ സംബന്ധിച്ച് പഠനം നടത്താൻ ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. മുൻപ് പ്രവർത്തന രഹിതമായിരുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ ടെസ്റ്റിംഗിനുള്ള കൂടുതൽ സൗകര്യങ്ങളുണ്ട്. ഇത് ഇനിയും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും കൊതുക് നശീകരണത്തിന് പ്രത്യേക ഊന്നൽ നൽകി പ്രവർത്തിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനം പരിഷ്ക്കരിച്ച് പ്രത്യേക വെക്ടർ കൺട്രോൾ വിഭാഗം രൂപീകരിച്ച് പ്രവർത്തിപ്പിക്കും. നിരന്തരമായ ജാഗ്രതയും പ്രവർത്തനവും ഉറപ്പുവരുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ വിപുലമായ ജനകീയ കാമ്പയിൻ സംഘടിപ്പിക്കും.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 82 — 21.6.2007 ൽ മറുപടിക്ക്

## കേന്ദ്ര സഹായത്തോടെ ആലപ്പുഴ നഗരത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.വേണുഗോപാൽ | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) ആലപ്പുഴ നഗരത്തിലെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

എ) ആലപ്പുഴ നഗരത്തിനും സമീപത്തുള്ള പുറക്കാട്, അമ്പലപ്പുഴ സൗത്ത്, അമ്പലപ്പുഴ നോർത്ത്, പുന്നപ്ര സൗത്ത്, പുന്നപ്ര നോർത്ത്, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത് എന്നീ എട്ടു പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതി കേരളാ വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. 2006 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഈ പദ്ധതിയുടെ അടങ്കൽ തുക 156 കോടി രൂപയാണ്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് ആലപ്പുഴ നഗരസഭയ്ക്കു പ്രത്യേകമായും, ഗ്രാമപഞ്ചായത്തുകൾക്കു പ്രത്യേകമായുമാണ് വിഭാവനം ചെയ്തിട്ടുള്ളത് . കേന്ദ്ര സർക്കാരിന്റെ ഗുണനിലവാരമുള്ള പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രത്യേക പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.പുതുതായി പ്രഖ്യാപിച്ച യു.ഐ.ഡി.എസ്.എസ്.എം.ടി എന്ന പദ്ധതിയിൽ 91.94 കോടി രൂപയുടെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.. എട്ടു ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയിൽപ്പെടുത്തി പ്രത്യേക പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ബി) ഇതു സംബന്ധിച്ചു കൂടിയ ഉന്നത തല യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നു; മിനിട്ട്സിന്റെ കോപ്പി ലഭ്യമാക്കുമോ;

ബി) ഉന്നത തല യോഗത്തിന്റെ മിനിട്ട്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.

സി) ഈ പദ്ധതിക്കു ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

സി) ഈ പദ്ധതി ആലപ്പുഴ മുനിസിപ്പാലിറ്റിക്കും മേൽപ്പറഞ്ഞ എട്ടു പഞ്ചായത്തുകൾക്കും വേണ്ടിയുള്ളതാണ്. കേന്ദ്രഗവൺമെന്റിന്റെ നഗര വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി) പ്രകാരമുള്ള പദ്ധതിക്കു മാത്രമേ ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ളൂ. പദ്ധതി പൂർത്തിയാകണമെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.ടിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കായുള്ള ഭരണാനുമതിക്കുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) ഈ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസിയാണെന്ന് വിശദമാക്കുമോ;

ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് മുനിസിപ്പൽ കൗൺസിൽ പ്രത്യേക യോഗം ചേരുകയും കേരളാ വാട്ടർ അതോറിറ്റിയുടെ പ്രതിനിധിയും ചീഫ് ടൗൺ പ്ലാനറുടെ പ്രതിനിധിയും ഉൾപ്പെടെ യോഗത്തിൽ പങ്കെടുക്കുകയും പദ്ധതി നടപ്പാക്കുവാൻ കേരളാ വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം 5.6.2007 ൽ എടുക്കുകയും ചെയ്തിട്ടുണ്ട്.

ഇ) ഈ പദ്ധതി മോണിട്ടർ ചെയ്യുന്നതിന് മന്ത്രിതല സമിതിയുണ്ടാക്കിയിട്ടുണ്ടോ; ആരെല്ലാമാണ് ഇതിലെ അംഗങ്ങൾ;

ഇ) പദ്ധതി മോനിട്ടറിംഗിന് മന്ത്രിതല സമിതി ഉണ്ടാക്കിയിട്ടില്ല. ഈ പദ്ധതി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുത്തി ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കാൻ ധാരണയായിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
2. ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
3. ആലപ്പുഴ മുനിസിപ്പൽ ചെയർമാൻ
4. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
5. കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ
6. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി
7. കേരളാ വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മാനേജർ

എഫ്) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ആരെല്ലാമാണ് ഇതിലെ അംഗങ്ങൾ; ഈ കമ്മിറ്റിയിൽ നിയമസഭാംഗങ്ങളെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എഫ്) പ്രത്യേക കോർ കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല. ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കുന്നതിനു വേണ്ടിയുള്ള ഔദ്യോഗിക കമ്മിറ്റി മാത്രമേ ഇതുവരെ രൂപീകരിച്ചിട്ടുള്ളൂ.

യു.ഐ.ഡി.എസ്.എസ്.എം.ടി നടപ്പാക്കുന്നതിന് ചില കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. അതിനുള്ള പൂർണ്ണ അധികാരം നഗരസഭയ്ക്കാണ്.

Geetha

സെക്ഷൻ ഓഫീസർ

**Minutes of the meeting held on 24/04/07 in the Public Relation Department Chamber by Honorable Minister for Water Resources and Honorable Minister for Finance.**

Honorable Minister for Water Resources welcomed all and directed the Managing Director of Kerala Water Authority to explain the position of Water Supply System to Alappuzha Municipality and adjoining eight Panchayaths.

Managing Director of Kerala Water Authority explained that the proposal for Alappuzha Municipality got approval by Government of India under UIDSSMT for an amount of Rs. 91.94 crores. The proposal for adjoining eight Panchayaths (Purakkad, Ambalapuzha South, Punnapra North, Aryad, Mannancherry, Mararikulam South, Ambalapuzha North, Punnapra South) was placed before the SLSC meeting held on 15/03/07 and the committee is of the opinion that this can be sanctioned under the Submission Project (Quality Affected Villages). Some more details are to be furnished for according sanction. The above details are being collected and will be presented before the next SLSC meeting which is expected to be convinced within a fortnight. Managing Director, Kerala Water Authority also mentioned that it highly economical if the scheme for the Urban and Rural Areas of Alleppey district are to be combined as a Single Project. The total project cost comes to Rs. 152.00 crores. The Urban portion comes to Rs. 91.94 crores and the Rural portion comes to Rs. 59.96 crores. It is further stated that the lands required for the above project are in possession of Kerala Water Authority except for the Intake Structure. The land required for the construction of Intake Structure is Revenue Purambokku at Kadapra Village, Pathanamthitta District. Action is being initiated for availing this land from the Revenue Authorities of Pathanamthitta. The Detailed Engineering Report of Urban and Rural Area are already prepared. The NIT documents required for tendering process is under preparation.

Managing Director requested that an Administrative Sanction for this combined Project of Alappuzha Municipality and Adjoining Panchayaths if issued at the earliest the work can be started on a war foot basis. For a time bound implementation of this scheme sanction has to be accorded to treat this Project as a Special Purpose Vehicle scheme.

The [illegible]ncipal Secretary, LSG Department, Chairman, Alappuzha Municipality, President Jilla Panchayaths, Alappuzha has deliberated in details regarding the presentation of Managing Director, Kerala Water Authority.

Honorable Minister of Finance explored the availability of contribution of funds from Panchayaths as per the guidelines of Government of India and also requested the President Jilla Panchayaths to have a detailed discussion with the beneficiary Panchayaths in this regard. Evaluating the situation the Honorable Minister suggested that Administrative Sanction will be issued by Government of Kerala and the work can be started immediately.

The Honorable Minister for Water Resources evaluated the situation and following decision were taken in consultation with the Honorable Minister for Finance.

Decisions:

(1) Government of Kerala will issue Administrative Sanction for the combined Project Drinking Water Supply to Alappuzha Municipality and eight adjoining Panchayaths.
(2) Kerala Water Authority is fixed as the Nodal Agency for implementing the above Project.
(3) The Project has to be commissioned within 2 years time
(4) For time bound commissioning of this project, this scheme will be brought under Special Purpose Vehicle. Necessary Government orders will be prepared and issued from LSG Department. The Nominated Members of this committee are
    a. Principal Secretary, LSG Department.
    b. Principal Secretary, Water Resources Department.
    c. Chairman, Alleppey Municipality.
    d. President Jilla Panchayath, Alappuzha.
    e. Managing Director, Kerala Water Authority.
    f. Additional Secretary, Finance Department.
    g. Accounts Manager, Kerala Water Authority.

The meeting came to a close by 4.40 PM

[signature]

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 83 — 21.6.2007 ൽ മറുപടിക്ക്

## അധിക വെള്ളക്കരം ഈടാക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വെള്ളക്കരം നിയമാനുസൃതം വർദ്ധിപ്പിക്കാതെ ഉപഭോക്താക്കളിൽ നിന്നും അവർ ഉപയോഗിക്കാത്ത ജലത്തിന് കരം ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഇത്തരം പരാതികളിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | ബി) പ്രവർത്തന ക്ഷമമല്ലാത്ത മീറ്ററുകൾ നിലവിലുള്ള ഉപഭോക്താക്കൾക്ക് അവരുടെ ശരാശരി ഉപഭോഗത്തെക്കുറിച്ച് പരാതി ഉണ്ടാകുന്ന പക്ഷം ആ പരാതികൾ വിശദമായി പരിശോധിക്കുന്നതിനും കഴമ്പുണ്ടെങ്കിൽ വെള്ളക്കരം പുനർ നിർണ്ണയിച്ച് നൽകുന്നതിനും വ്യവസ്ഥകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.34 | 21/06/2007 -ൽ മറുപടിയ്ക്ക്

### അംഗവൈകല്യമുള്ളവർക്കായി ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. റോഷി അഗസ്റ്റിൻ: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് അംഗവൈകല്യമുള്ള എത്ര ആളുകൾ ഉണ്ടെന്ന് അറിയിക്കുമോ; | എ) | 2001 ലെ സെൻസസ് പ്രകാരം 8,60,794 പേർ ഉണ്ട്. |
| ബി) | ശാരീരിക ന്യൂനതയുള്ള ആളുകളെ കണ്ടെത്തുന്നതിനും അവരുടെ ക്ഷേമ കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ; | ബി) | ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട് |
| സി) | നടപ്പു സാമ്പത്തിക വർഷം അംഗവൈകല്യമുള്ള ആളുകളുടെ ക്ഷേമത്തിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കുമോ; | സി) | നടപ്പുസാമ്പത്തിക വർഷം അംഗവൈകല്യമുള്ളവരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ പ്ലാൻ ശീർഷകത്തിൽ 35,00,000/ രൂപ നീക്കിവെച്ചിട്ടുണ്ട്. ആയതിൽ 14,00,000/ രൂപ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും വികലാംഗർക്കായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളുടെ നിലവാരം ഉയർത്തുവാനു |

| | | | |
|---|---|---|---|
| | | | വേണ്ടിയുള്ളതും, 5,00,000/- രൂപ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ളതും. 3,00,000/- രൂപ വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങൾക്കും ബാക്കി 3,00,000/- രൂപ മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സ് പൂർത്തിയായ സ്ത്രീകളുടെ സംരക്ഷണം പുനരധിവാസം എന്നിവയ്ക്കുള്ള ഒരു സ്ഥാപനത്തിനായും നീക്കി വെച്ചിട്ടുണ്ട്. നോൺ പ്ലാൻ ശീർഷകത്തിൽ 1,19,24,000/- രൂപ നീക്കിവെച്ചിട്ടുണ്ട്. ആയത് വകുപ്പിന്റെ കീഴിലുള്ള 12 വികലാംഗക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനും വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എഴുത്ത് പരീക്ഷ/ഇന്റർവ്യൂ എന്നിവയിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത നൽകുന്നതിനും, വികലാംഗരായ ജീവനക്കാർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിനും അന്ധരായ/അസ്ഥി സംബന്ധമായ അസുഖമുള്ള അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് നൽകുന്നതിനും, പുനരധിവാസ കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന വികലാംഗർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും വേണ്ടിയാണ്. പഞ്ചായത്ത്/നഗരപാലിക ബോഡീസ് |

| | | | |
|---|---|---|---|
| | | | (നോൺ പ്ലാൻ) ശീർഷകത്തിൽ വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 16,50,000/- രൂപയും വികലാംഗർക്ക് വേണ്ടി [illegible] നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റ് നൽകുന്നതിന് 2,95,000/ രൂപയും നീക്കി വെച്ചിട്ടുണ്ട്.സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ് തലത്തിൽ നടപ്പ് സാമ്പത്തിക വർഷം ഇരുപത് ലക്ഷം രൂപ വികലാംഗർക്ക് ഐഡന്റിറ്റി കാർഡ് നൽകുക, ബോധവത്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക. റിസർച്ച് പ്രോജക്ടുകൾക്ക് ധനസഹായം നൽകുക ബോധവൽക്കരണത്തിനായി വീഡിയോ ക്ലിപ്പിംഗ്സ് നിർമ്മിച്ച് പ്രദർശിപ്പിക്കുക തുടങ്ങിയവക്കായി നീക്കി വെച്ചിട്ടുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന NPRPD (ദേശീയ വികലാംഗ പുനരധിവാസ പദ്ധതി) യിൽ ഉൾപ്പെടുത്തി 2.57 കോടി രൂപയും, ADIP (വികലാംഗർക്കുള്ള സഹായ പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി 2.37 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 52 ലക്ഷം രൂപയും വിവിധ പുനരധിവാസ, ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി | തൊഴിൽ, വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ വികലാംഗരായ ആളുകൾ അഭിമുഖീകരിക്കുന്ന പരിതാപകരമായ അവസ്ഥകളിൽ നിന്ന് അവരെ മോചിപ്പിക്കുവാൻ പുതിയ കർമ്മപദ്ധതികൾക്ക് രൂപം നൽകുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി | പബ്ലിക് സർവ്വീസിൽ ക്ലാസ് I, II, III,IV, തസ്തികകളിൽ 3% വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ അവരുടെ അവകാശങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി, സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യംനം.*85

21.06 .07-ൽ മറുപടിക്ക്

"ഗാലസകൃഷി"

<u>ചോദ്യം</u>

ശ്രീ.സി.കെ.പി.പത്മനാഭൻ :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.പി.കൃഷ്ണപ്രസാദ് :
ശ്രീ.മുരളി പെരുനെല്ലി :
ശ്രീ.സി.കെ.സദാശിവൻ :

(എ) നെൽകൃഷി ലാഭകരമാക്കുന്നതിനായി കൃഷിവകുപ്പിന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) "ഗാലസകൃഷി" പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

<u>ഉത്തരം</u>

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(ബഹു:തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി)

(എ) മുതൽ (ഡി) വരെ

നെല്ല് കൃഷി ലാഭകരമാക്കുന്ന കൃഷി രീതികൾക്ക് തുടക്കം കുറിക്കുവാനും, കൃഷി ഉപേക്ഷിക്കുന്ന നെല്ല് കർഷകരെ നെൽക്കൃഷിയിലേക്ക് മടക്കിക്കൊണ്ടു വരുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പാലക്കാട്, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 1998ലും 2006-07 ലും ഗാലസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെല്ലുൽപ്പാദനവും നെൽക്കൃഷിയും ഇരട്ടിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി പാലക്കാട് ജില്ലയിൽ നല്ലേപ്പിള്ളി, ഇലപ്പുള്ളി തുടങ്ങിയ ഗ്രാമ

(സി) "ഗാലസപദ്ധതി"ക്കായി ത്രിതല പഞ്ചായത്തുകളും കൃഷിവകുപ്പും എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത് ;

(ഡി) "ഗാലസകൃഷി" വ്യാപകമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തുകളിലും തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലുമാണ് പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനുവേണ്ടുന്ന സഹായങ്ങളും നിർദ്ദേശങ്ങളും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറാണ് നൽകിയിരിക്കുന്നത്. സാങ്കേതിക കാര്യങ്ങളിൽ കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞരിൽ നിന്നും സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഗാലസ കൃഷി സംബന്ധിച്ച് പ്രത്യേകിച്ച് പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. ഗാലസ കൃഷി വ്യാപകമാക്കുന്ന കാര്യം കൃഷി വകുപ്പുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 86 | 21.6.2007-ൽ മറുപടിക്ക് |
|---|---|

### ആയുർവേദ ചികിത്സാ രംഗം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി ) |

| | |
|---|---|
| എ) ആയുർവേദ ചികിത്സാ രംഗം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ആയുർവേദ ചികിത്സാ രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങളിലും മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കലോഫീസർമാരുടേയും നഴ്സുമാരുടേയും സേവനം മെച്ചപ്പെടുത്തുന്നതിനായി കണ്ടിന്യൂയിംഗ് മെഡിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം, ഐ.എം.ജി. ട്രെയിനിംഗ്, റീ ഓറിയന്റേഷൻ പ്രോഗ്രാം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. |
| ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് ആയുർവേദ ഔഷധങ്ങളെ സംബന്ധിച്ച് ഗവേഷണം നടക്കുന്നത്; | ബി) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫാർമക്കോഗ്നസി യൂണിറ്റിലും പൊതുമേഖലാ സ്ഥാപനമായ ഔഷധിയിലും ആയുർവേദ ഔഷധങ്ങളെക്കുറിച്ചുള്ള ഗവേഷണം നടക്കുന്നുണ്ട്. |

| | |
|---|---|
| സി) ഗവേഷണ ആവശ്യത്തിനായി എത്ര ഔഷധത്തോട്ടങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്; അവ ഏതെല്ലാം; | സി) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫാർമക്കോഗ്നസി യൂണിറ്റിൽ 5 ഏക്കറുള്ള ഒരു ആയുർവേദ ഔഷധത്തോട്ടം ഗവേഷണ ആവശ്യത്തിനായി പ്രവർത്തിക്കുന്നുണ്ട്. ഔഷധിയുടെ കീഴിൽ കണ്ണൂർ ജില്ലയിലെ പരിയാരത്ത് 50 ഏക്കറിലും തൃശ്ശൂർ ജില്ലയിലെ കുട്ടനെല്ലൂരിൽ 14 ഏക്കറിലും ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| ഡി) പാലോട് ബൊട്ടാണിക്കൽ ഗാർഡനിലെ ഔഷധ സസ്യങ്ങൾ ആയുർവേദ ഔഷധഗവേഷണത്തിനായി പ്രയോജനപ്പെടുത്തുവാൻ പദ്ധതി ആവിഷ്കരിക്കുമോ? | ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.87 21—6—2007-ൽ മറുപടിക്ക്

ശുചീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി |
| ശ്രീ.വി.സുരേന്ദ്രൻ പിള്ള | (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | എ) ഉണ്ട്. മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി പകർച്ച വ്യാധികൾ തടയുന്നതിന്റെ ഭാഗമായി, മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി പ്രകാരം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകികൊണ്ട് 15-5-07-ലെ സർക്കാർ ഉത്തരവ്(സാധ) 1428/07/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരാഴ്ചക്കാലം ശുചീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വീണ്ടും സംസ്ഥാനത്തൊട്ടാകെ ജൂൺ 12 മുതൽ സമ്പൂർണ്ണ ശുചീകരണവാരം ആചരിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു സർക്കുലർ 12-6-07-ലെ 22030/ഐ.എ3/07 നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ശുചീകരണത്തിന്റെ കാര്യത്തിൽ പല സ്ഥാപനങ്ങളും അലംഭാവംകാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്. |
| സി | എങ്കിൽ ഇവയ്ക്കെതിരെ എന്തു നടപടി സ്വീകരിച്ചു; | സി) | വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി | പരിസര ശുചീകരണത്തിന്റെ അഭാവം മൂലം പകർച്ചവ്യാധികൾ ഉണ്ടായ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ വീഴ്ച കാണിക്കുന്ന തദ്ദേശഭരണ അധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | ഡി) & ഇ) | സർക്കാരിന്റെ 15-5-2007-ലെ സ.ഉ.(സാധ)1428/07/തസ്വഭവ നമ്പർ ഉത്തരവ് 12-6-2007 -ലെ 22030/ഐ.എ3/07 നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരവും അറിയിപ്പായി നൽകിയിട്ടുണ്ട്. |
| ഇ | ഇതിനായി എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88 21--06--2007-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

ചോദ്യം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
,, എം. ചന്ദ്രൻ
,, പി. പി. അബ്ദുള്ള കുട്ടി
,, ബി. ഡി. ദേവസ്സി
,, പി. ജയരാജൻ

ഉത്തരം

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും
വകുപ്പുമന്ത്രി

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(എ) പദ്ധതി തയ്യാറാക്കൽ, പദ്ധതി നിർവ്വഹണം, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, പദ്ധതി പരിശോധിക്കുന്നതിനുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് അംഗങ്ങൾ, മറ്റ് ബന്ധപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് വിവിധ വിഷയങ്ങളിൽ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനും നിർവഹണം നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്നതിലേയ്ക്കായി വിവിധ വിഷയങ്ങളിൽ കൈപ്പുസ്തകവും തയ്യാറാക്കി നൽകാറുണ്ട്. ഇതിനുപുറമേ പദ്ധതി നിർവഹണം കാര്യക്ഷമമായാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിൽ മോണിട്ടറിംഗ്/അവലോകനങ്ങളും നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകൾക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലയിലെ പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും ഒരു നിശ്ചിത ദിവസം പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗങ്ങൾ ഓരോമാസവും വിളിച്ച് ചേർത്ത് അവലോകനം നടത്തുന്നുണ്ട്. ഇതിന് പുറമെ വിവിധ വകുപ്പ് മേധാവികൾ സംസ്ഥാന തലത്തിലും ജില്ലാതല ഉദ്യോഗസ്ഥർ ജില്ലാ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ വിളിച്ചു ചേർത്ത് നിർവഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം എത്ര ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾ വിനിയോഗിച്ചു എന്ന് അറിയിക്കുമോ; | (ബി) | 2006-07 സാമ്പത്തിക വർഷത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള വിഹിതമായി നൽകിയ തുകയുടെ 87.02% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (സി) | പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് താഴെത്തട്ടിൽ ഗ്രാമസഭകളും പഞ്ചായത്തു തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും ബ്ലോക്ക്/ജില്ലാതലത്തിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളും ആണ് ചുമതലപ്പെട്ടിട്ടുള്ളത്. വിവിധ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ ചുമതലയിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത്. |

ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും അദ്ധ്യക്ഷൻ തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധി ആയിരിക്കണം.

തദ്ദേശ ഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട മേഖലയിൽ കൈമാറിയ ഉദ്യോഗസ്ഥനായിരിക്കണം കൺവീനർ. അതത് മേഖലയിലെ പ്രമുഖനായ ഒരു വിദഗ്ധനെ വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാനായി നാമനിർദ്ദേശം ചെയ്യുന്നതാണ്. മാതൃകാ പ്രാക്ടീഷണർമാർ, പ്രൊഫഷണലുകൾ, ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർ, അക്കാദമിക് യോഗ്യതയുള്ളവർ എന്നിവരെയാണ് അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. പദ്ധതി രൂപീകരണം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകുന്നതിന് പുറമേ വിവിധ വിഷയങ്ങളിൽ കൈപ്പുസ്തകങ്ങളും തയ്യാറാക്കി നൽകുന്നുണ്ട്. കൂടാതെ പദ്ധതി രൂപീകരണം സംബന്ധിച്ച് ജനപ്രതിനിധികൾ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ വിഭാഗം ആൾക്കാർക്കും പരിശീലനം നൽകുന്നുണ്ട്.

(ഡി) (ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) അംഗീകാരം നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഓരോ പ്രവർത്തനവും പൂർത്തീകരിക്കുന്നതിനുമുള്ള വ്യക്തമായ സമയക്രമം പതിനൊന്നാം പദ്ധതി രൂപീ-കരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിർണ്ണയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 89    21.6.2007-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് നിലവിൽ ഉണ്ടായിരുന്ന റേറ്റ് കോൺട്രാക്ടിന്റെ (2006-2007) കാലാവധി 30-6-2007 വരെ സർക്കാർ ദീർഘിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയിരുന്ന കമ്പനികളെ മരുന്നുകളുടേയും മറ്റ് അനുബന്ധ സാമഗ്രികളുടേയും വില നിശ്ചയിക്കുന്നതിനായി ചർച്ചയ്ക്ക് വിളിച്ച് അവരുമായി നെഗോഷ്യേറ്റ് ചെയ്ത് വില നിശ്ചയിക്കുകയും തുടർന്ന് ഓരോ ജില്ലയിൽ നിന്നും ലഭിച്ച വാർഷിക ആവശ്യകതാ പട്ടികയനുസരിച്ച് ഒരു ക്വാർട്ടർ മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും നൽകുവാനായി സെൻട്രൽ പർച്ചേസ് കമ്മിറ്റി കമ്പനികൾക്ക് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ ബംഗാൾ കെമിക്കൽ ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കർണ്ണാടക ആന്റി ബയോട്ടിക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് ലിമിറ്റഡ്, ഇൻഡ്യൻ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമ സ്യൂട്ടിക്കൽസ് ലിമിറ്റഡ്, തുടങ്ങിയ കമ്പനികൾക്ക് ടി കമ്പനികൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന അളവ് മരുന്നുകൾ നെഗോസിയേഷനുശേഷം ടി കമ്പനികൾക്ക് അനുവദിച്ച് സപ്ലൈ ഓർഡറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ടി കമ്പനികൾ മരുന്നുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി നിലവിലുള്ള റേറ്റ് കോൺട്രാക്ടിന്റെ കാലാവധി 30/9/07 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതോടൊപ്പം അടിയന്തിര ഘട്ടങ്ങളിൽ മരുന്നുക്ഷാമം പരിഹരിക്കുന്നതിനായി ലോക്കൽ പർച്ചേസിനും മറ്റുമായി ഈ വർഷം ജില്ലകൾക്ക് മരുന്നിനും മറ്റു സാധനസാമഗ്രികൾക്കുമായി ആരോഗ്യ വകുപ്പ് ഡയറക്ടർ 49.75 ലക്ഷം രൂപയും നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്ന് ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ആശുപത്രി വികസന സമിതികൾ വഴിയും അതാത് സ്ഥാപനങ്ങളിലേയ്ക്ക് അവശ്യ സന്ദർഭങ്ങളിൽ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| | ജില്ലാ ആശുപത്രി/ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി/ ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്ക് അത്യാവശ്യഘട്ടങ്ങളിൽ പരമാവധി അൻപതിനായിരം രൂപയുടെ മരുന്നുകളും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാർക്ക് പരമാവധി ഒരു ലക്ഷം രൂപയുടെ മരുന്നുകളും എച്ച്.ഡി.സി ഫണ്ട് ഉപയോഗിച്ച് വാങ്ങാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ആശുപത്രികളിലേയ്ക്കും ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കും മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |
| ബി) നിരോധിക്കപ്പെട്ട മരുന്നുകൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല |
| സി) സർക്കാർ ആശുപത്രികളിലെ മരുന്നുകൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു പുതിയ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ? | സി) ഉണ്ട് |



സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.90 | 21.6.2007-ൽ മറുപടിയ്ക്ക് |
|---|---|

### പകർച്ചപ്പനി തടയുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ബാബു | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ പകർച്ചപ്പനി ബാധിച്ച് എത്ര ആളുകൾ മരണപ്പെട്ടു; | എ) 2006 ൽ ചിക്കുൻഗുനിയ ബാധിച്ച പ്രദേശങ്ങളിൽ പനി ബാധിച്ചവരിൽപ്പെട്ട 81 പേർ മരണമടഞ്ഞിട്ടുണ്ട്. 1.1.07 മുതൽ 18.6.07 വരെ പകർച്ചപ്പനി ബാധിച്ചവരിൽപ്പെട്ട 83 പേർ മരിച്ചതായി റിപ്പോർട്ടുണ്ട്. |
| ബി) ഓരോ ജില്ലയിലും ഇപ്രകാരം എത്രപേർ വീതം മരണപ്പെട്ടു; | ബി) 2006 ൽ ആലപ്പുഴ - 74, കോട്ടയം - 1, കോഴിക്കോട് - 1<br>2007 ൽ പത്തനംതിട്ട 46, കൊല്ലം 7, കോട്ടയം 30 |
| സി) അടിക്കടി ഉണ്ടാകുന്ന പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരുന്നത്; | സി) പകർച്ചപ്പനികളിൽ ചിക്കുൻഗുനിയ,, ഡെങ്കി തുടങ്ങിയവ പരത്തുന്നത് ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ്. കൊതുകിന്റെയും കൂത്താടികളുടേയും ഉറവിട നശീകരണത്തിന് ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയ നടപടികൾ കൈക്കൊള്ളുകയും മാലിന്യ സംസ്കരണത്തിനും പരിസര ശുചിത്വ പരിപാലനത്തിനും ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾക്കും ഊന്നൽ നൽകി കൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രോഗ ബാധിത പ്രദേശങ്ങളിൽ പഠനങ്ങളും നിവാരണ പ്രതിരോധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. |
| ഡി) എല്ലാ മുൻകരുതലുകളും ഉണ്ടായിരുന്നിട്ടും ഈ വർഷം വീണ്ടും വ്യാപകമായി പനി പടർന്നുപിടിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | ഡി) കാലാവസ്ഥയിൽ ഉണ്ടായ വ്യതിയാനം , ജനങ്ങളുടെ ജീവിതശൈലി, നഗരവത്കരണം വർദ്ധിച്ചുവരുന്ന പരിസര മലിനീകരണം എന്നിവ കൊതുകിന്റെ സാന്ദ്രതകൂടുവാൻ കാരണമായിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തിയവരിലൂടെയും രോഗാണുക്കൾ സംക്രമിക്കുന്നതിനിടയായിട്ടുണ്ട്. വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിലുണ്ടാകുന്ന പോരായ്മയും പനി പകരുന്നതിന് കാരണമായിട്ടുണ്ട്. |
| ഇ) ഇനിയും ഇത്തരമൊരു ദുരന്തം ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | ഇ) പകർച്ചപ്പനിക്ക് കാരണമാവുന്ന കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും പ്രതിരോധ നിവാരണ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയും ചെയ്യും. രോഗ ബാധിത പ്രദേശങ്ങളിൽ മരുന്നുകളുടെ ലഭ്യത, ഡോക്ടർമാരുടെ സേവനം എന്നിവയും ഉറപ്പാക്കും. എപ്പിഡമിക് കൺട്രോൾ സെല്ലിന്റെയും ജില്ലകൾ തോറും വെക്ടർ കൺട്രോൾ വിഭാഗത്തിന്റെയും പ്രവർത്തനം ഊർജ്ജിതമാക്കും. |

സെക്ഷൻ ഓഫീസർ